# മലങ്കരസഭാദീപം

A FORTNIGHTLY WITH ECUMENICAL VISION

വാല്യം 18 | ലക്കം 13 | പേജ് 6 | മെയ് 1–15



2 പിറവവും പുനരുത്ഥാനവും

3 സഭാതലത്തിൽ ആർജ്ജിക്കേണ്ട ചില നിർദ്ദേശങ്ങൾ

4 ധ്യാനപീഠം

5 മനശാസ്ത്രപംക്തി


### പ.കാതോലിക്കാ ബാവായ്ക്ക് അബുദാബിയിൽ സ്വീകരണം

## സഭാതർക്കം പരിഹരിക്കാൻ സർക്കാരിനു കഴിയില്ലെങ്കിൽ തുറന്നു പറയണം : പ.കാതോലിക്കാ ബാവാ

അബുദാബി : സഭാതർക്കം പരിഹരിക്കാൻ സർക്കാരിനു കഴിയില്ലെങ്കിൽ അത് തുറന്നു പറയണമെന്ന് പ.കാതോലിക്കാ ബാവാ ആവശ്യപ്പെട്ടു. സുപ്രീംകോടതി വിധി നടപ്പാക്കി പള്ളിതർക്കം പരിഹരിക്കാനാണ് സർക്കാർ തയ്യാറാകേണ്ടതെന്നും പ. ബാവാ പറഞ്ഞു. അബുദാബി സെന്റ് ജോർജ് കത്തീഡ്രലിന്റെ ആഭിമുഖ്യത്തിൽ ഒരുക്കിയ സ്വീകരണത്തിന് എത്തിയ പ.കാതോലിക്കാ ബാവാ പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു. കേരളത്തിലെ പള്ളിതർക്കം സങ്കീർണ്ണമായി വളരുകയാണെന്നും പള്ളിതർക്കങ്ങൾ രാഷ്ട്രീയസംഘർഷങ്ങളെപ്പോലെ രക്തരൂക്ഷിതമായ കലാപങ്ങളിലേക്ക് വളരുകയാണെന്നും പ. ബാവാ പറഞ്ഞു. ഓരോ ഇടവകയ്ക്കും സന്ദർഭങ്ങളനുസരിച്ച് തീരുമാനങ്ങളെടുക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. സഭയുടെ പരമാദ്ധ്യക്ഷനെന്ന നിലയിൽ പരമാവധി ആത്മനിയന്ത്രണം പാലിക്കാനാണ് താൻ എപ്പോഴും ഉപദേശിക്കുന്നത്. അക്രമമാർഗ്ഗം സഭയുടെ ശൈലിയല്ല. എന്നാൽ ഇത് സഭയുടെ കഴിവുകേടായി കണ്ട് സഭയെ ചവുട്ടിമെതിക്കരുത് - പ.ബാവാ പറഞ്ഞു. പത്രസമ്മേളനത്തിൽ പ.കാതോലിക്കാ ബാവായോടൊപ്പം തോമസ് മാർ അത്താനാസിയോസ്, യാക്കോബ് മാർ ഏലിയാസ്, ഫാ.വി.സി. ജോസ്, സ്റ്റീഫൻ കെ.കെ., കെ.ഇ.തോമസ്, ജോർജ്ജ് ഏബ്രഹാം തുടങ്ങിയവർ പങ്കെടുത്തു.

### പിറവം പള്ളിപ്രശ്നം

## ഓർത്തഡോക്സ് വിശ്വാസികൾ അപമാനിക്കപ്പെടുന്നുവെന്ന് പ.കാതോലിക്കാ ബാവാ

പിറവം : ഓർത്തഡോക്സ് സഭാവിശ്വാസികൾ നിരന്തരമായി അപമാനിക്കപ്പെടുന്ന സാഹചര്യമാണ് ഇപ്പോൾ നിലനിൽക്കുന്നതെന്ന് പ.കാതോലിക്കാ ബാവാ പറഞ്ഞു. പിറവം വലിയപള്ളിയിൽ ഉൾപ്പെടെ നിലനിൽക്കുന്ന പ്രശ്നങ്ങളിൽ നീതി ലഭിക്കണമെന്ന് ആവശ്യപ്പെട്ട് മലങ്കരസഭ ആരംഭിച്ച സമരപരിപാടികൾ പിറവം കാതോലിക്കേറ്റ് സെന്ററിൽ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു പ.കാതോലിക്കാ ബാവാ. കോലഞ്ചേരി പള്ളി പ്രശ്നത്തിൽ സർക്കാർ വാഗ്ദാനങ്ങളിൽനിന്ന് പുറകോട്ട് പോയി. അവകാശങ്ങൾ നേടിയെടുക്കാൻ സഭാംഗങ്ങൾ ഒരുമിച്ച് പ്രവർത്തിക്കണമെന്നും പ്രതിഷേധിക്കേണ്ടിടത്ത് പ്രതിഷേധിക്കണമെന്നും പ.ബാവാ പറഞ്ഞു. നീതി ലഭിക്കുംവരെ പോരാട്ടം തുടരുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സമ്മേളനത്തിനു മുന്നോടിയായി പിറവം ടൗൺചുറ്റി നടന്ന പ്രകടനത്തെ കുരിശുപള്ളി ജംഗ്ഷനിൽവെച്ച് പോലീസ് തടഞ്ഞു.

പിറവം വലിയപള്ളി കത്തീഡ്രൽ പ്രഖ്യാപനവുമായി ബന്ധപ്പെട്ട് പിറവത്ത് വിശ്വാസികൾക്ക് നേരിടേണ്ടിവന്ന അപമാനത്തിന്റെ പേരിൽ സംസ്ഥാനതല പ്രതിഷേധപരിപാടികൾ സംഘടിപ്പിക്കുമെന്ന് പ.ബാവാ പ്രസ്താവനയിൽ പറഞ്ഞു. തുടക്കമെന്ന നിലയിലാണ് പിറവത്ത് പ്രതിഷേധയോഗം നടന്നത്. നിർജ്ജീവമായ സർക്കാരാണ് സംസ്ഥാനം ഭരിക്കുന്നതെന്ന് അടിവരയിടുന്നതാണ് പിറവം പള്ളിതർക്കവുമായി ബന്ധപ്പെട്ട് ഓർത്തഡോക്സ് സഭയ്ക്കുണ്ടായ അനുഭവമെന്ന് അദ്ദേഹം പറഞ്ഞു.

കോലഞ്ചേരി പള്ളിതർക്കവുമായി ബന്ധപ്പെട്ടു നൽകിയ ഉറപ്പ് മാസങ്ങൾക്കുശേഷവും പാലിക്കപ്പെട്ടില്ല. ഇതിനു പുറമെയാണ് പിറവത്തെ വാഗ്ദാന ലംഘനം. ഒരുവിഭാഗത്തിന്റെ ദാർഷ്ട്യം നിറഞ്ഞ പെരുമാറ്റം നിയന്ത്രിക്കാൻ കഴിയാത്തത് ജനാധിപത്യ വ്യവസ്ഥിതിക്കുതന്നെ നാണക്കേടാണ്. നീതി അർഹിക്കുന്ന സമൂഹത്തെ ചവുട്ടിമെതിക്കുന്ന സമീപനമാണ് ഉണ്ടാകുന്നതെന്നും പ. ബാവാ പറഞ്ഞു.

### യാക്കോബായ സഭയോടുള്ള നീതിനിഷേധം

## ശ്രേഷ്ഠ കാതോലിക്കാ ബാവാ എം.എൽ.എ.മാരെ വിളിച്ചുവരുത്തി അതൃപ്തി അറിയിച്ചു

പുത്തൻകുരിശ് : യാക്കോബായ സഭയ്ക്കെതിരെ നടക്കുന്ന നീതിനിഷേധത്തിനെതിരെ ശ്രേഷ്ഠ തോമസ് പ്രഥമൻ കാതോലിക്കാ ബാവാ സഭാംഗങ്ങളായ എം.എൽ.എ.മാരെ സഭാ ആസ്ഥാനമായ പുത്തൻകുരിശ് പാത്രിയർക്കാ സെന്ററിൽ വിളിച്ചുവരുത്തി അതൃപ്തി അറിയിച്ചു.

മന്ത്രി അനൂപ് ജേക്കബ്, എം.എൽ.എ.മാരായ ബെന്നി ബഹനാൻ, റ്റി.യു.കുരുവിള എന്നിവരാണ് പാത്രിയർക്കാ സെന്ററിലെത്തി ശ്രേഷ്ഠ ബാവായെ കണ്ടത്. ഇവർക്കു പുറമെ യു.ഡി.എഫ് കൺവീനർ പി.പി.തങ്കച്ചൻ, ഡി.സി.സി. പ്രസിഡന്റ് വി.ജെ.പൗലോസ് എന്നിവരും എത്തിയിരുന്നു. അസൗകര്യംകൊണ്ട് പി.സി.ചാക്കോ എം.പി.യും രാജു ഏബ്രഹാം എം.എൽ.എ.യും എത്തുകയില്ലെന്ന് നേരത്തെ അറിയിച്ചിരുന്നു. അടുത്തകാലത്തായി സഭാവിശ്വാസികൾക്കുനേരെയുണ്ടാകുന്ന പോലീസ് മർദ്ദനത്തിലും ജാമ്യമില്ലാവകുപ്പിൽപ്പെടുത്തി കേസ് എടുക്കുന്നതിലുമുള്ള സഭയുടെ പ്രതിഷേധം ബാവാ ജനപ്രതിനിധികളെ അറിയിച്ചു. സഭയുടെ പള്ളികളിൽ മറുവിഭാഗം പ്രശ്നങ്ങളുണ്ടാക്കുമ്പോൾ സർക്കാർ കണ്ടില്ലെന്നു നടിക്കുന്ന സമീപനം പ്രതിഷേധാർഹമാണെന്നും ഇതംഗീകരിക്കാൻ പ്രയാസമുണ്ടെന്നും ബാവാ പറഞ്ഞു. രണ്ടുമണിക്കൂറോളം യോഗം നീണ്ടുനിന്നു.

## ഗീവർഗീസ് സഹദായെപ്പോലെ പുതുപ്പള്ളിയുടെ പുണ്യവാളനാണ് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയെന്ന് നടൻ മമ്മൂട്ടി

പുതുപ്പള്ളി : ഗീവർഗീസ് സഹദായെപ്പോലെതന്നെ പുണ്യവാളനാണ് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയെന്ന് ചലചിത്രനടൻ മമ്മൂട്ടി പറഞ്ഞു. പുതുപ്പള്ളി പള്ളി പെരുന്നാളിനോടനുബന്ധിച്ച് പള്ളി അങ്കണത്തിൽ നടന്ന സാംസ്ക്കാരിക സമ്മേളനത്തിൽ വിവിധ അവാർഡുകൾ വിതരണം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. പെരുന്നാൾപോലെയുള്ള വിശേഷങ്ങൾ സ്നേഹവും ഐക്യവും പങ്കിടാനുള്ള അവസരങ്ങളാണെന്ന് മമ്മൂട്ടി പറഞ്ഞു. സാംസ്ക്കാരിക സമ്മേളനം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ കൽക്കട്ടാ ഭദ്രാസനാധിപൻ ഡോ.ജോസഫ് മാർ ദീവന്നാസിയോസ് അദ്ധ്യക്ഷനായിരുന്നു. മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഫാ.ഏബ്രഹാം വർഗീസ് വടശ്ശേരിൽ, പഞ്ചായത്ത് പ്രസിഡന്റ് ജെസിമോൾ മനോജ്, ഫാ.തോമസ് ഏബ്രഹാം കുറിയന്നൂർ, ഫാ.എം.കെ.ഫിലിപ്പ് മാടാംകുന്നേൽ തുടങ്ങിയവർ പ്രസംഗിച്ചു. ചടങ്ങിൽ മമ്മൂട്ടിയെ ആദരിച്ചു. അനുഗ്രഹീത കലാകാരനായ മമ്മൂട്ടിയെ മറ്റുള്ളവരിൽനിന്ന് വ്യത്യസ്തനാക്കുന്നത് അദ്ദേഹത്തിന്റെ മനുഷ്യസ്നേഹമാണെന്നും അതുകൊണ്ടാണ് അദ്ദേഹത്തെ ആദരിക്കുന്നതെന്നും ഉമ്മൻ ചാണ്ടി പറഞ്ഞു.

## ചലച്ചിത്രനടൻ മമ്മൂട്ടിയുടെ വരവ് പുതുപ്പള്ളി പെരുന്നാളിന് ശോഭയേകി; പെരുന്നാളിന് ആയിരങ്ങളെത്തി

കോട്ടയം : പുതുപ്പള്ളി പെരുന്നാളിന് മുന്നോടിയായി നടന്ന സാംസ്ക്കാരിക സമ്മേളനത്തിൽ സൂപ്പർസ്റ്റാർ മമ്മൂട്ടി എത്തിയത് സമ്മേളനത്തിന് വർണ്ണശോഭയേകി. ആയിരങ്ങളാണ് പ്രിയതാരത്തെ കാണാൻ പുതുപ്പള്ളിയിലെത്തിയത്. പരിപാടികൾ തുടങ്ങുന്നതിനു വളരെ മുമ്പുതന്നെ സമ്മേളനസ്ഥലം കാണികൾ കീഴടക്കിയിരുന്നു. മമ്മൂട്ടിയുടെ വരവിനെക്കുറിച്ചുള്ള പ്രഖ്യാപനം ഉച്ചഭാഷിണിയിലൂടെ മുഴങ്ങുന്നതുകേട്ട് സദസ്സ് ആരവങ്ങൾകൊണ്ടും ആർപ്പുവിളികൾകൊണ്ടും നിറഞ്ഞു. കാണികളുടെ ഇരിപ്പിടങ്ങൾ പള്ളി അങ്കണത്തിൽ പ്രത്യേകം വേലികെട്ടി തിരിച്ചിരുന്നു. പ്രത്യേക വേലിക്കെട്ടിനുള്ളിലൂടെ മമ്മൂട്ടിയും മറ്റ് വിശിഷ്ടാതിഥികളും വേദിയിലേക്കെത്തുമ്പോൾ കാണികൾ ഒന്നടങ്കം ഇളകിമറിഞ്ഞു. തുടർന്ന് സ്വാഗതപ്രസംഗത്തിലും മറ്റും മമ്മൂട്ടിയുടെ പേര് ഉച്ചരിക്കുമ്പോഴൊക്കെ ജെയ് വിളികൾ മുഴങ്ങി. മമ്മൂട്ടിയുടെ പ്രസംഗത്തെ കരഘോഷത്തോടെയും ആർപ്പുവിളിയോടെയുമാണ് പുതുപ്പള്ളി പള്ളി അങ്കണത്തിൽ സമ്മേളിച്ച ആരാധകർ സ്വീകരിച്ചത്.

## അത്മായട്രസ്റ്റി എം.ജി.ജോർജ് മുത്തൂറ്റിനെതിരെ ദുബായ്പള്ളിയിൽ പ്രതിഷേധം

ദുബായ് : ദുബായ് സെന്റ് തോമസ് പള്ളി സന്ദർശിക്കാനെത്തിയ അത്മായട്രസ്റ്റി എം.ജി.ജോർജ് മുത്തൂറ്റിനെതിരെ ഏപ്രിൽ 27 വെള്ളിയാഴ്ച വി.കുർബ്ബാനയ്ക്കുശേഷം രൂക്ഷമായ വിമർശനവും പ്രതിഷേധവും. വി.കുർബ്ബാനയ്ക്കുശേഷം പള്ളിയിൽ പ്രസംഗിക്കുവാൻ അത്മായട്രസ്റ്റി വികാരിയോട് അനുവാദം വാങ്ങിയിരുന്നു. രണ്ട് മിനിറ്റ് പ്രസംഗിക്കാൻ വികാരി അനുവാദം നൽകിയെങ്കിലും പതിനഞ്ചു മിനിറ്റോളം എം.ജി.ജോർജ് പ്രസംഗിച്ചു. സ്വയപ്രശംസ നിറഞ്ഞ പ്രസംഗത്തിൽ വിശ്വാസികൾ അസംതുഷ്ടി പ്രകടിപ്പിക്കുകയും പ്രസംഗത്തിനുശേഷം അദ്ദേഹത്തോട് കയർത്തു സംസാരിക്കുകയുമുണ്ടായി. രംഗം വഷളായതോടെ ഉടനെതന്നെ അത്മായട്രസ്റ്റിയെ പള്ളിയങ്കണത്തിൽനിന്ന് മാറ്റി വികാരിയും മറ്റ് ചുമതലക്കാരും വിശ്വാസികളെ ശാന്തരാക്കി. ജനങ്ങളെ ചൊടിപ്പിക്കുന്ന പ്രസംഗം നടത്താൻ ഇനി ദുബായിലേക്ക് വന്നേക്കരുതെന്ന് ബഹളത്തിനിടയിൽ ചിലർ താക്കീതെന്നോണം വിളിച്ചുപറയുന്നുണ്ടായിരുന്നു.

## കത്തിപ്പാറത്തടം പള്ളിയിൽ സംഘർഷം

ഇടുക്കി : കത്തിപ്പാറത്തടം സെന്റ് ജോർജ് പള്ളിയിൽ ഓർത്തഡോക്സ് യാക്കോബായ വിഭാഗങ്ങൾ തമ്മിലുണ്ടായ തർക്കം സംഘർഷത്തിൽ കലാശിച്ചു. ഞായറാഴ്ച ഓർത്തഡോക്സ് വിഭാഗത്തിന്റെ കുർബ്ബാനയ്ക്കുശേഷം ആണ് പള്ളി അങ്കണത്തിൽ സംഘർഷം ഉണ്ടായത്. കത്തിപ്പാറത്തടം പള്ളിയുടെ കീഴിലുള്ള ഒരു കുരിശടി യാക്കോബായ വിഭാഗം സ്വന്തമാക്കാൻ ശ്രമിച്ചതാണ് സംഘർഷത്തിലേക്ക് നയിച്ചത്. ഞായറാഴ്ച അനുവദിച്ച സമയം കഴിഞ്ഞിട്ടും ഓർത്തഡോക്സ് വിഭാഗം കുർബ്ബാന കഴിഞ്ഞ് പള്ളിയിൽനിന്ന് ഇറങ്ങുന്നില്ലാ എന്നാരോപിച്ച് യാക്കോബായ വിശ്വാസികളെത്തി. ഇതിനിടെ ആരോ യാക്കോബായ വിഭാഗം വികാരിയെ പിടിച്ചു തള്ളി. തുടർന്നുണ്ടായ സംഘർഷം പോലീസ് ഇടപെട്ട് ശാന്തമാക്കി.

2006 മുതൽ കത്തിപ്പാറത്തടം പള്ളിയിൽ അധികാരതർക്കം നിലനിൽക്കുകയാണ്. 2008-ൽ ഇത് രൂക്ഷമായ പശ്ചാത്തലത്തിൽ ജില്ലാ ഭരണകൂടം ഇടപെട്ട് ഒത്തുതീർപ്പ് ഉണ്ടാക്കിയിരുന്നു. രാവിലെ 8 മുതൽ 11 വരെ ഓർത്തഡോക്സ് വിഭാഗത്തിനും അതിനുശേഷം യാക്കോബായ വിഭാഗത്തിനും ആരാധനയ്ക്കുള്ള അവസരമുണ്ട്. എന്നാൽ പലപ്പോഴും ഇത് സംഘർഷത്തിലേക്ക് വഴിതെളിക്കുന്നുണ്ട്. ഇടയ്ക്കിടയ്ക്കുണ്ടാകുന്ന ചെറിയ ചെറിയ പ്രശ്നങ്ങൾ പള്ളിയെ സംഘർഷഭൂമി ആക്കിക്കൊണ്ടിരിക്കുകയാണ്. സംഘർഷത്തിനു കാരണം എതിർവിഭാഗമാണെന്ന് ഇരുകൂട്ടരും ആരോപണ പ്രത്യാരോപണങ്ങൾ ഉന്നയിക്കുന്നുണ്ട്. ജില്ലാ കളക്ടറുടെ സാന്നിധ്യത്തിൽ അടുത്ത ദിവസം തന്നെ പ്രശ്നം പരിഹരിക്കാം എന്ന് പോലീസും തഹസീൽദാരും ഉറപ്പുനൽകിയ പശ്ചാത്തലത്തിൽ ഇരുവിഭാഗവും പിരിഞ്ഞുപോയി.

മാധ്യമ ദീപം

ഫാ.സി.ഡി.തോമസ്
വടകോട്

# പിറവവും പുനരുത്ഥാനവും

### പള്ളികൾ നഷ്ടപ്പെടുന്നു

പഴന്തോട്ടം പള്ളി : മെത്രാൻകക്ഷി വിഭാഗത്തിന്റെ ഹർജി തള്ളി എന്ന മെയിൻ വാർത്തയുമായാണ് വിശ്വാസസംരക്ഷകൻ മാർച്ച് 15-ഏപ്രിൽ 14 ലക്കം ഇറങ്ങിയിരിക്കുന്നത്. സഭാകേസ് നടത്തിപ്പിലെ അപാകത മൂലം വടക്കൻ ഭാഗത്തെ പല പള്ളികളിലും ഓർത്തഡോക്സ് സഭയ്ക്കെതിരായ വിധി ഉണ്ടായിക്കൊണ്ടിരിക്കുന്നു. വടക്കുനിന്ന് വൈദികട്രസ്റ്റി വന്നാൽ എല്ലാറ്റിനും പരിഹാരം എന്ന പ്രചരണത്തിന്റെ പൊള്ളത്തരമാണ് ഇതിലൂടെ വെളിപ്പെട്ടുവരുന്നത്. ബഹു.കോനാട്ടച്ചൻ ജാഗ്രതൈ! കണിയാമ്പറമ്പിൽ കുര്യൻ കോർഎപ്പിസ്കോപ്പാ ക്രൈസ്തവസഭയുടെ അമൂല്യസമ്പത്ത് എന്ന മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്തായുടെ പ്രസ്താവനയും ഫ്രണ്ട് പേജിൽതന്നെ കൊടുത്തിട്ടുണ്ട്. വീക്ഷണ ഗോപുരം പംക്തിയിൽ നിരീക്ഷകൻ എന്ന തൂലികാനാമത്തിൽ എഴുതുന്ന അജ്ഞാതൻ ഒരുപാട് കാര്യങ്ങൾ നിരീക്ഷിച്ചെഴുതുന്നുണ്ട്. ഓർത്തഡോക്സ് സഭയുടെ പള്ളികളുടെ കൂട്ടത്തിൽ അസോസിയേഷൻ ലിസ്റ്റിൽ പുത്തൻകുരിശ് സൊസൈറ്റിക്കാരുടെ ഏതാനും പള്ളികളുടെ ലിസ്റ്റും പ്രതിനിധികളുടെ പേരും കടന്നുകൂടിയിരിക്കുന്നത് വ്യക്തമായും അക്കമിട്ട് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കൂടാതെ ഒരേ പള്ളി രണ്ടു ഭദ്രാസനങ്ങളുടെ ലിസ്റ്റിൽ വ്യത്യസ്ത പ്രതിനിധികളുടെ പേരിലും ഉൾപ്പെടുത്തിയിരിക്കുന്നത് കാണിച്ചിരിക്കുന്നു. ഉദാഹരണത്തിന് ചേലക്കര സെന്റ് ജോർജ് പള്ളി തൃശൂർ ഭദ്രാസനത്തിലെ നാലാം നമ്പരായും കുന്നംകുളം ഭദ്രാസനത്തിലെ ഏഴാം നമ്പരായും ചേർത്തിരിക്കുന്നു. അതുപോലെ പെങ്ങാമുക്ക് സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് പള്ളി കൊച്ചിയിൽ 24-ാം നമ്പരായും തൃശൂരിൽ 33-ാം നമ്പരായും ചേർത്തിരിക്കുന്നു. ഇവിടെനിന്നെല്ലാം പ്രതിനിധികൾ രജിസ്റ്റർ ചെയ്ത് വോട്ടുചെയ്തിട്ടുണ്ടെങ്കിൽ കള്ളവോട്ട് വ്യാപകമായി നടന്നിട്ടുണ്ടെന്ന് വ്യക്തം. അസോസിയേഷൻ മെമ്പേഴ്സിന്റെ ലിസ്റ്റ് കൈവശമുള്ളവർക്ക് ഇതു പരിശോധിച്ച് ബോധ്യപ്പെടാം.

### കച്ചവടതാൽപര്യം മുന്നിൽ

മലങ്കരസഭ മാർച്ച് ലക്കം കാലംചെയ്ത അഭി.ഒസ്താത്തിയോസ് തിരുമേനിക്കുള്ള അശ്രുപൂജകൂടിയാണ്. എഡിറ്റോറിയൽ ഉൾപ്പെടെ അഞ്ചു ലേഖനങ്ങൾ തിരുമേനിയെക്കുറിച്ചുണ്ട്. മലങ്കര അസോസിയേഷൻ 1653 മുതൽ 2010 വരെ എന്ന ഡോ.എം.കുര്യൻ തോമസും വർഗീസ് ജോൺ തോട്ടപ്പുഴയും ചേർന്നെഴുതിയ ലേഖവും ഉണ്ട്. ആധുനിക ക്രൂസേഡുകളെക്കുറിച്ചും ട്രാഫിക്ക് നിയമങ്ങൾ എല്ലാം തെറ്റിച്ചുള്ള മന്ത്രിപുഗവന്മാരുടെ മരണപ്പാച്ചിലിനെക്കുറിച്ചുള്ള ഫാ.മുകളിലിന്റെ പിൻമൊഴിയും കാർട്ടൂണും രസകരവും ഏറെ ചിന്തോദ്ദീപകവും തന്നെ.

മലങ്കരസഭയുടെ ഏപ്രിൽ ലക്കത്തിന് രണ്ട് കവർപേജാണുള്ളത്. കുരിശിന്റെ ചിത്രം പശ്ചാത്തലമാക്കിയുള്ളത് ആദ്യകവർ. അത് തുറക്കുമ്പോൾ പുതുപ്പള്ളിപള്ളി പെരുന്നാളുമായി ബന്ധപ്പെട്ട കവർപേജ്. സെക്കുലർ മാഗസീനുകൾ വാണിജ്യവൽക്കരിക്കപ്പെടുന്നതിന്റെ ഭാഗമായി ഒന്നിലധികം കവർപേജുകൾ ഒരേലക്കത്തിനു നൽകാറുണ്ട്. മലങ്കരസഭാമാസികയും കച്ചവടതാൽപര്യത്തിലേക്ക് വഴിമാറുന്ന ഒരു സൂചനയാണത്. മുൻപ് സഭയുടെ ഒരു പ്രശസ്ത സ്ഥാപനം 175-ാം വാർഷികത്തോടനുബന്ധിച്ച് ഇറക്കിയ സുവനീറിന് പല സ്ഥലങ്ങളിൽനിന്ന് ഒരേ കവർപേജിന് പരസ്യങ്ങൾ വാങ്ങി അതാത് സ്ഥലത്ത് വിതരണം ചെയ്യുന്ന സുവനീറിന് ആ സ്ഥലത്തുനിന്നുള്ള പരസ്യം കവർപേജായി നൽകി കച്ചവടസാധ്യത വിജയകരമായി തെളിയിച്ചത് ഓർത്തുപോകുന്നു.

### യേശുദാസ് അനുഗ്രഹീത ഗായകൻ

വിഷു ഈസ്റ്റർ ആശംസകളോടെയാണ് ആശ്രയ മാതൃനാട് ഏപ്രിൽ ലക്കം ഇറങ്ങിയിരിക്കുന്നത്. സംഗീതമേ.....മഹാസാഗരമേ........ എന്ന പ്രഭാകരൻ പുത്തൂരിന്റെ ലേഖനം അനുഗ്രഹീതഗായകൻ യേശുദാസിന്റെ സംഗീതസപര്യയുടെ അമ്പതുവർഷങ്ങളെക്കുറിച്ചാണ്. പ്രൊഫ.പത്മനരാമചന്ദ്രൻ നായരുടെ ഭാഷാശുദ്ധി കാത്തുസൂക്ഷിക്കുവിൻ എന്ന ലേഖനം വിദ്യാർത്ഥികളും മുതിർന്നവരും ഒരുപോലെ വായിച്ചിരിക്കേണ്ടതാണ്. മലയാളത്തിൽ അച്ചടിച്ച മിക്ക ക്ഷണക്കത്തുകളിലും മാന്യരെ, സുഹൃത്തേ, മാന്യമിത്രമെ എന്നൊക്കെയാണ് കാണാറുള്ളത്. ഇത് തെറ്റാണ്. സംബോധനയിൽ ചേർക്കേണ്ടത് എ അല്ല ഏ ആണ്. എന്നുവച്ചാൽ മാന്യരേ, സുഹൃത്തേ, മാന്യമിത്രമേ ഇവയാണ് ശരി. വിവാഹത്തിനുള്ള ക്ഷണനം എന്നാണ് പലരും പറയുക. ക്ഷണനത്തിന് വധം എന്നാണ് അർത്ഥം. വിവാഹത്തിന് ക്ഷണിക്കൽ, വിവാഹക്ഷണം ഇതേപോലെ നിരവധി ഉദാഹരണങ്ങൾ പ്രൊഫസർ ചൂണ്ടിക്കാണിക്കുന്നുണ്ട്. നിയമസഭാ മന്ദിരത്തേക്കുറിച്ചുള്ള ചെമ്മനം ചാക്കോയുടെ ധർമ്മസങ്കടം ആക്ഷേപഹാസ്യത്തിന്റെ മകുടോദാഹരണമാണ്. വ്യാജകേരളം എന്ന ഹേമന്ദ് കുളക്കടയുടെ കാർട്ടൂൺ മലയാളസിനിമയ്ക്കുള്ള ഒരു കുത്താണ്.

### വിവാഹമോചനം

പെന്തക്കോസ്ത് മാസികയിൽ യേശുക്രിസ്തുവിനെ യൂദാ ഒറ്റിക്കൊടുത്തതുമുതൽ സംസ്ക്കാരം നടന്നതുവരെയുള്ള 24 മണിക്കൂറിനുള്ളിൽ കർത്താവ് സഹിച്ച യാതനകളും വേദനകളും ധ്യാനാത്മകമായി ചിത്രീകരിച്ചിരിക്കുന്നു. ചൈനയിൽ പ്രതിദിനം പതിനായിരം വിവാഹമോചനങ്ങൾ നടക്കുന്നതിനെ സംബന്ധിച്ചും ഇന്ത്യൻ മിഷണറിമാർ 166 രാജ്യങ്ങളിൽ പ്രവർത്തിക്കുന്നതിനെക്കുറിച്ചും വാർത്തയുണ്ട്.

### ഇൻറിയപ്പം

കോപ്പിയടി തടയാൻ ഇനി അമ്മപ്പോലീസ് എന്ന ലേഖനം മനോരമ ആഴ്ചപ്പതിപ്പ് മാർച്ച് 10 ലക്കത്തിലുണ്ട്. കോപ്പിയടിക്കാനുള്ള ആഗ്രഹം അമ്മമാർ ചെറുപ്പത്തിലേ നുള്ളിക്കളയേണ്ടതിന്റെ ആവശ്യകതയാണ് അതിൽ പറയുന്നത്. പഠിക്കുന്ന കാലത്ത് ഐ.എസ്.ആർ.ഒ. ചെയർമാൻ ഡോ.കെ.രാധാകൃഷ്ണന്റെ ഉത്തരം കോപ്പിയടിച്ച കഥയും വീട്ടിലുണ്ടായ പ്രതികരണവും വളരെ ഇന്നസെന്റായി നടൻ ഇന്നസെന്റ് വിവരിക്കുന്നു. വേനൽക്കാല രോഗങ്ങളെ സംബന്ധിച്ച് ഡോ.കെ.പി.ജോർജ്ജും എഴുതുന്നുണ്ട്. യാത്രയ്ക്കിടയിൽ സ്ത്രീകൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ച് മാർച്ച് 24 ലക്കത്തിലുണ്ട്. ഈസ്റ്റർ ആശംസകളോടെയാണ് ഏപ്രിൽ 14 ലക്കം ഇറങ്ങിയിരിക്കുന്നത്. അന്തരിച്ച നടൻ ജോസ് പ്രകാശിനെ സഹോദരൻ പ്രേം പ്രകാശും സുകുമാരിയും അനുസ്മരിക്കുന്നുണ്ട്. പ്രശസ്ത ഹിന്ദി താരം സീനത്ത് അമന്റെ ഇടതുകണ്ണ് നഷ്ടപ്പെട്ടതിനെപ്പറ്റി നടൻ അനൂപ് മേനോന്റെ വെളിപ്പെടുത്തലുമുണ്ട്. സഞ്ജയ് ഖാന്റെ തല്ലാണത്രെ അതിനു കാരണം. ഇൻറിയപ്പവും പെസഹാപ്പാലും ഉണ്ടാക്കുന്ന വിധം ഈസ്റ്റർ പാചകപംക്തിയിലുണ്ട്.

### പിറവത്തെ നാണക്കേട്

മലങ്കരസഭാദീപം മാർച്ച് ദ്വിതീയ ലക്കത്തിൽ പിറവം തെരഞ്ഞെടുപ്പിൽ ഓരോ ദിവസവും മാറിയും മറിഞ്ഞും വ്യക്തതയില്ലാതെയും പരസ്പര വിരുദ്ധമായും ഓർത്തഡോക്സ് സഭ സ്വീകരിച്ച നിലപാടുകളെ സംബന്ധിച്ച വാർത്തകളാണ് പ്രഥമ പേജിൽ കൊടുത്തിരിക്കുന്നത്. ഉമ്മൻ ചാണ്ടി സർക്കാർ തുടരണമെന്നാണ് ഓർത്തഡോക്സ് സഭയുടെ ആഗ്രഹമെന്ന് വൈദികട്രസ്റ്റി. തൃക്കുന്നത്ത് സെമിനാരി പ്രശ്നത്തിൽ യു.ഡി.എഫ്. സർക്കാർ സഭയെ വഞ്ചിച്ചു എന്നും പിറവത്തെ ജനങ്ങൾ പ്രതികരിക്കുമെന്നും സുന്നഹദോസ് സെക്രട്ടറി. ഒടുവിൽ റിസൽട്ട് വന്നപ്പോൾ നാണംകെട്ടത് സഭാനേതൃത്വവും. വൈദികട്രസ്റ്റിയായി തെരഞ്ഞെടുക്കപ്പെട്ട ഫാ.ഡോ.ജോൺസ് ഏബ്രഹാം കോനാട്ടിനെ അഭിനന്ദനങ്ങൾ നേർന്നുകൊണ്ടുള്ള ഫാ.ഡോ.എം.ഒ.ജോണിന്റെ കുറിപ്പും ഫ്രണ്ട് പേജിലുണ്ട്. ഡോ. ജോർജ് ജോസഫ് വീണ്ടും അസോസിയേഷൻ സെക്രട്ടറിയായ വിവരം ഏപ്രിൽ പ്രഥമ ലക്കത്തിന്റെ പ്രഥമ പേജിലുണ്ട്. പാമ്പാക്കുടയിൽ അനൂപിന് വൻ ഭൂരിപക്ഷം എന്ന വാർത്തയുമുണ്ട്. വൈദികട്രസ്റ്റി തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. അനുഭാവികൾ സഹായിച്ചതിന്റെ പ്രത്യുപകാരമാണിതെന്ന് വ്യക്തം. ഓർത്തഡോക്സ് സഭയുടെ ആഹ്വാനം പിറവത്തെ വോട്ടർമാർ നിരസിച്ചു എന്ന മന്ത്രി ഷിബു ബേബി ജോണിന്റെ പ്രസ്താവനയും ഓർത്തഡോക്സ് സഭയുടെ നിലപാടിനോട് ഇതര സഭകൾക്കും സമുദായങ്ങൾക്കും എതിർപ്പെന്ന വിശകലനവും നൽകിയിട്ടുണ്ട്. പഴന്തോട്ടം പള്ളി ഉൾപ്പെടെ വടക്കൻ ഭദ്രാസനങ്ങളിൽ സഭയ്ക്ക് പള്ളികൾ ഒന്നൊന്നായി നഷ്ടപ്പെടുന്ന വിവരം സാജു ഏബ്രഹാം കോലഞ്ചേരി ചൂണ്ടിക്കാട്ടുന്നു. കേസ് നടത്തിപ്പിലെ പിടിപ്പുകേടാണ് കാരണം. കേസുകൾ ഒരിക്കലും അവസാനിക്കരുതെന്ന് ആഗ്രഹിക്കുന്നവർ നേതൃത്വത്തിലും വക്കീലന്മാരുടെ കൂട്ടത്തിലുമുണ്ട്. മാനദണ്ഡങ്ങൾ മറികടന്ന് നിയമനം നടത്തുന്നതിൽ എം.ഒ.സി. കോർപറേറ്റ് മാനേജുമെന്റ് അദ്ധ്യാപകരുടെ ഇടയിലുള്ള വ്യാപകമായ അതൃപ്തിയെക്കുറിച്ച് ജോൺ ജോസഫ് കാർത്തികപ്പള്ളി എഴുതുന്നു. ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം പണം അല്ലാതെന്ത് മാനദണ്ഡം? അസോസിയേഷൻ യോഗത്തിന്റെ കണക്ക് അവതരിപ്പിക്കണമെന്നാവശ്യപ്പെട്ട് കെ.ഒ. വർഗീസ് പ.ബാവായ്ക്ക് സമർപ്പിച്ച പരാതിയുടെ പൂർണ്ണരൂപം കൊടുത്തിട്ടുണ്ട്.

### ഉയർപ്പിന്റെ ശക്തി

ക്രിസ്തു ശിഷ്യന്മാരെ സിംഹത്തെപ്പോലെ ധൈര്യശാലികളാക്കിയതും പുതിയ മനുഷ്യരാക്കി തീർത്തതും ഉയർപ്പിന്റെ ശക്തിയാണെന്ന് ഡിവൈൻ കൗൺസിലറിന്റെ പത്രാധിപസന്ദേശത്തിൽ പറയുന്നു. യുവജനങ്ങളും അടിമത്തങ്ങളും എന്ന ബിനു ജോസഫിന്റെ ലേഖനത്തിൽ പറയുന്നു തെറ്റായ ശീലങ്ങളിൽനിന്ന് രക്ഷ നേടുവാൻ സ്വയമായ പരിശ്രമം വളരെ ആവശ്യമാണ്. നിങ്ങൾ നേരിടുന്ന തെറ്റായ ശീലങ്ങൾ എന്തെല്ലാമാണെന്ന് മനസ്സിലാക്കുക എന്നതാണ് അതിനെ ഉപേക്ഷിക്കുന്നതിന്റെ ആദ്യഘട്ടം. തെറ്റായ ശീലങ്ങളെ സമയത്ത് ഒഴിവാക്കിയില്ലെങ്കിൽ അവ നിങ്ങളുടെ സ്വഭാവത്തിന്റെ ഭാഗമാകും. ആ സ്വഭാവം നിങ്ങളുടെ വ്യക്തിത്വത്തെ ഇല്ലായ്മ ചെയ്യും. തുടർന്ന് അതിൽ ചൂണ്ടിക്കാട്ടുന്നു. കളിത്തൊട്ടിലിൽ കിടന്ന് ടി.വി. ദർശിക്കുന്ന കുഞ്ഞും മരണക്കിടക്കയിൽ കിടന്ന് ടി.വി. കാണുന്ന വൃദ്ധനും ഇന്നത്തെ സമൂഹത്തിന്റെ ശാപമാണ്. അറിയേണ്ടതും അറിയേണ്ടാത്തതും ഒരുപോലെ കാണുന്ന കുട്ടികളിൽ സംശയവും ജിജ്ഞാസയും വർദ്ധിക്കുകയാണ്. ടി.വി.യിലെ അക്രമങ്ങൾ കണ്ട് അത് കുടുംബാംഗങ്ങളിലും കൂട്ടുകാരിലും പരീക്ഷിക്കുന്നു. ക്രിസ്തുശിഷ്യനായിരുന്ന ഫിലിപ്പോസിന്റെ ശവകുടീരം കണ്ടെത്തിയ വാർത്തയും ഈ ലക്കത്തിലുണ്ട്.

### ശരീരം വാടകവീട്

ചിക്കൻ ഒഴിവാക്കാതെ ദോഷമില്ലാതെ കഴിക്കാവുന്ന രീതികളെക്കുറിച്ച് മനോരമ ആരോഗ്യം ഏപ്രിൽ ലക്കത്തിലുണ്ട്. വേനൽച്ചൂടും ആരോഗ്യവും സംബന്ധിച്ച പ്രത്യേക ഫോട്ടോ ഫീച്ചറും വിജ്ഞാനപ്രദമാണ്. മൈഗ്രേനും സൈനസൈറ്റിസും പലരേയും വിഷമിപ്പിക്കുന്നതാണല്ലോ. ഇവയ്ക്ക് ഉടൻ ഫലംതരുന്ന 20 ചികിത്സകളെക്കുറിച്ചും ഈ ലക്കം പ്രതിപാദിക്കുന്നുണ്ട്. സത്യസായിബാബായുടെ ആരോഗ്യശീലങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നിടത്ത് പറയുന്നു ശരീരം ഈശ്വരൻ നൽകിയ വാടകവീടാണ്. ആറിഞ്ചുനീളമുള്ള നാവിനെ സുഖിപ്പിക്കാൻ ആറടി നീളമുള്ള ശരീരത്തെ നാം പീഡിപ്പിക്കുന്നു. ആശുപത്രി മാലിന്യങ്ങൾക്ക് മാതൃകാപരിഹാരത്തെക്കുറിച്ച് ഡോ.വി.മോഹനൻ നായർ എഴുതുന്നുണ്ട്. ഭക്ഷണ നിയന്ത്രണവും മണ്ണ് ചികിത്സയും സംബന്ധിച്ച ലേഖനവും വിജ്ഞാനപ്രദമാണ്.

### വെളുക്കാൻ തേച്ചത് പാണ്ടായി

ഡോ.സേവേറിയോസിന്റെ പ്രസ്താവന അനൂപ് ജേക്കബിന് ഗുണം ചെയ്തുവെന്ന് തദ്ദേവൂസ് ഏപ്രിൽ ലക്കം ചൂണ്ടിക്കാട്ടുന്നു. അനൂപിന്റെ തകർപ്പം ജയം ഉമ്മൻ ചാണ്ടിയുടെ വിജയമെന്നും എഴുതിയിട്ടുണ്ട്. ക്രിസ്തു സഭയുടെ അടിസ്ഥാനം വചനമാകണം എന്നതാണ് എഡിറ്റോറിയൽ. ഗണേഷ് കുമാറിനെ സമർത്ഥനായ ഭരണാധികാരിയായി തദ്ദേവൂസ് വിലയിരുത്തുന്നുണ്ട്. ഭയപ്പെടേണ്ട ഞാൻ നിന്നോടുകൂടെ എന്ന ലേഖനം ഈസ്റ്റർ പശ്ചാത്തലത്തിൽ കാലികപ്രസക്തമാണ്.

### പ്രദീപ്തി ദീപ്തി പരത്തുന്നു

പ്രദീപ്തി മാർച്ച് ലക്കത്തിലെ പത്രാധിപക്കുറിപ്പ് മൗനത്തിന്റെ ആനന്ദത്തെക്കുറിച്ചാണ്. ആഴമേറിയ മൗനത്തിന്റെ നിമിഷങ്ങളിലാണ് ആനന്ദം ലഭിക്കുന്ന ദൈവസാമിപ്യം തിരിച്ചറിയാൻ സാധിക്കുന്നതെന്ന് അതിൽ ചൂണ്ടിക്കാട്ടുന്നു. സന്യാസപ്രസ്ഥാനത്തിന് ഒരാമുഖം എന്ന ഇടയസന്ദേശത്തിൽ പ്രധാന സന്യാസകൃതികളെ സംബന്ധിച്ച് ഡോ.മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ എഴുതിയിട്ടുണ്ട്. വി.കുർബ്ബാനയും പ്രതീകശക്തിയും എന്നതാണ് ഫാ. ഡോ.കെ.എം.ജോർജിന്റെ ലേഖനം. വി.മാമോദീസാ സുറിയാനി പാരമ്പര്യത്തിൽ എന്ന ഫാ.ഡോ.ബി.വർഗീസിന്റെ ലേഖനം വിജ്ഞാനപ്രദമാണ്.

### മേലങ്കി

ക്രിസ്തുവിന്റെ മേലങ്കി പ്രദർശനത്തിനെത്തുന്നതു സംബന്ധിച്ച വാർത്ത സണ്ടേശാലോം മാർച്ച് 25 ലക്കത്തിലുണ്ട്. ജർമ്മനിയിലെ ട്രയറിലെ കത്തീഡ്രലിൽ സൂക്ഷിച്ചിരുന്ന ക്രിസ്തുവിന്റെ യഥാർത്ഥ മേലങ്കി ഈ വർഷം ഏപ്രിൽ 13 മുതൽ മെയ് 13 വരെ പ്രദർശനത്തിന് വെക്കുന്നു. 1512-ലായിരുന്നു ആദ്യത്തെ പ്രദർശനം. അതിന്റെ ജൂബിലികൂടിയാണിപ്പോൾ. മുടക്കുമുതലില്ലാതെ കിട്ടുന്ന ലാഭം എന്ന ലേഖനത്തിൽ ജയ്മോൻ കുമരകം എഴുതുന്നു സാമ്പത്തിക ആവശ്യം ഉണ്ടായാൽ ഉടൻ കടംമേടിക്കണമെന്ന ചിന്തയാണ് മലയാളികളിൽ ആദ്യം ഉണ്ടാകുന്നത്. മാന്യമായി ഉയർന്ന പലിശയ്ക്ക് കടം വാങ്ങും. ആഡംബര വസ്തുക്കൾക്കും അതിഥി സൽക്കാരങ്ങൾക്കുമായി അവ ചെലവഴിക്കും. വരവറിയാതെയുള്ള ഈ കടംവാങ്ങലാണ് മിക്കവരേയും കടത്തിന്റെ നിലയില്ലാക്കയത്തിലേക്ക് താഴ്ത്തുന്നത്. പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതിനെതിരെയുള്ള കപടസമരങ്ങളെക്കുറിച്ച് ഏപ്രിൽ ലക്കത്തിൽ ജോസഫ് മൈക്കിൾ എഴുതിയിട്ടുണ്ട്. ഇപ്പോൾ നടക്കുന്ന പ്രതിഷേധ സമരങ്ങൾ യുവജനങ്ങളോടുള്ള സ്നേഹംകൊണ്ടല്ല. കാരണം വിരമിക്കൽ ഏകീകരണം കൊണ്ടുവന്നപ്പോൾ ഒരക്ഷരം എതിർത്തു പറയാത്തവരാണ് സമരവുമായി ഇറങ്ങിയിരിക്കുന്നത്. മഹത്വപൂർണ്ണമായ ഉയർപ്പിന്റെ പ്രസക്തിയാണ് ഈസ്റ്റർ ലക്കം മറുപുറത്തിൽ ഫാ.ജോസഫ് വയലിൽ എഴുതിയിരിക്കുന്നത്. ബറാബാസിൽനിന്ന് ക്രിസ്തുവിലേക്ക് എന്ന ലേഖനം ദി പാഷൻ ഓഫ് ക്രൈസ്റ്റ് എന്ന സിനിമയിൽ ബറാബാസായി അഭിനയിച്ച പിയേത്രോ സറൂബി എന്ന ഇറ്റാലിയൻ നടന്റെ ജീവിതത്തിലെ മാനസാന്തരകഥയാണ്.

# മലങ്കരസഭയുടെ ദയനീയ പതനം തുറന്നുകാട്ടിയ എം.ഒ.ജോണച്ചന് അഭിനന്ദനങ്ങൾ


മലങ്കരസഭയുടെ ദയനീയ പതനം എന്ന പേരിൽ 2004 ഒക്ടോബർ ലക്കം മലങ്കരസഭാദീപത്തിൽ എം.ഒ.ജോണച്ചൻ എഴുതിയ ലേഖനം വായിക്കാനിടയായി. ഞാൻ ഈ ലേഖനം 2004-ൽ വായിച്ചിരുന്നില്ല. ഇപ്പോൾ അത് ഏതോ ഒരു അസോസിയേഷൻ അംഗം പേരുവെളിപ്പെടുത്താതെ ഒരു ബുക്ക്ലെറ്റിന്റെ രൂപത്തിൽ അച്ചടിച്ച് എനിക്ക് അയച്ചുതന്നതുകൊണ്ട് അത് വായിക്കാനിടയായി. ആ ലേഖനം വളരെ കാലികപ്രസക്തമാണ്. മലങ്കരസഭ വിവിധ മേഖലകളിൽ നേരിട്ടുകൊണ്ടിരിക്കുന്ന പരാജയങ്ങളെ എം.ഒ.ജോണച്ചൻ തുറന്നുകാട്ടിയിരിക്കുന്നു. മലങ്കരസഭയ്ക്ക് കോടതികളിലും, മാധ്യമരംഗത്തും, രാഷ്ട്രീയരംഗത്തും, പൊതുസമൂഹത്തിലും വളരെയധികം തിരിച്ചടികളും പരാജയങ്ങളും ഉണ്ടാകുന്നുണ്ട്. ആ പരാജയങ്ങൾ തുറന്നുകാണിക്കുകയും പറയുകയും ചെയ്തുകൊണ്ടിരുന്ന എം.ഒ. ജോണച്ചനെപോലുള്ളവരെ വിമർശിക്കാതെ പറഞ്ഞകാര്യങ്ങളിൽ കഴമ്പുണ്ടോ എന്ന് അന്വേഷിച്ച് അതുണ്ടെങ്കിൽ അതിനു പരിഹാരമുണ്ടാക്കാനായിട്ടാണ് സഭയെ സ്നേഹിക്കുന്നവർ ശ്രമിക്കേണ്ടത്.

രാഷ്ട്രീയരംഗത്ത് മലങ്കരസഭ എന്തുകൊണ്ട് പരാജയപ്പെടുന്നു എന്ന് പിറവം തെരഞ്ഞെടുപ്പിന്റെയും കോലഞ്ചേരി, പിറവം തുടങ്ങിയ പള്ളി പ്രശ്നങ്ങളുടെയും പശ്ചാത്തലത്തിൽ അവലോകനം ചെയ്യണം. ഈ പ്രശ്നങ്ങളെ വികാരപരമായി മാത്രം എടുക്കാതെ യഥാർത്ഥ പ്രശ്നങ്ങളെ വസ്തുനിഷ്ഠമായി അവലോകനം ചെയ്ത് പരിഹാരമുണ്ടാക്കണം. മലങ്കരസഭയ്ക്കുള്ളിൽ നേതാക്കന്മാരുടെ ഇടയിൽ ഉള്ള കുതികാൽവെട്ടും പരസ്പര പോരാട്ടവുമല്ലെ യഥാർത്ഥത്തിൽ സഭയെ ക്ഷീണിപ്പിക്കുന്നത്. അകമെ ദുർബ്ബലമായ സഭ ശത്രുവിന്റെ ആക്രമണത്തിൽ പരാജയപ്പെടും. ഈ അടുത്തകാലത്ത് കോടതികളിൽ നിരന്തരമായ പരാജയമല്ലെ സഭ ഏറ്റുവാങ്ങുന്നത്. കേസു നടത്തിപ്പിലെ കാര്യക്ഷമത ഇല്ലായ്മയല്ലെ അതിനു കാരണം. സഭയുടെ വാർത്തകൾ നേരെചൊവ്വെ മാധ്യമങ്ങളിൽ വരാത്തതെന്തുകൊണ്ട്. സഭയുടെ നിലപാടുകൾ ശരിയായി പൊതുസമൂഹത്തിന്റെ മുമ്പിൽ വിശദീകരിച്ചുകൊടുക്കുവാൻ സാധിക്കാത്തതെന്തുകൊണ്ട്. ഈവക ചോദ്യങ്ങളെല്ലാം വിഘടിതവിഭാഗത്തിന്റെ ചോദ്യങ്ങളല്ല. മലങ്കരസഭാംഗങ്ങളായ എന്നേപ്പോലുള്ള അനേകായിരങ്ങളുടെ ചോദ്യങ്ങളാണ്. അത് ധൈര്യമായി ഉയർത്തിക്കാട്ടിയ എം.ഒ.ജോണച്ചനും അത് വീണ്ടും പ്രസിദ്ധീകരിച്ച് സഭാംഗങ്ങളുടെ ഇടയിൽ പ്രചരിപ്പിച്ച പേരു വെളിപ്പെടുത്തുവാൻ ആഗ്രഹിക്കാത്ത മലങ്കരസുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ മെമ്പർക്കും അഭിനന്ദനങ്ങൾ.

**ജോയിക്കുട്ടി കെ. (മലങ്കര അസോസിയേഷൻ പ്രതിനിധി)**

# സഭാഭരണതലത്തിൽ സ്വീകരിക്കേണ്ട ചില നിർദ്ദേശങ്ങൾ

വി.സി.വർഗീസ് കനാട്



നമ്മുടെ വൈദികസെമിനാരി വാർത്തെടുത്ത പുതിയ തലമുറയിലെ അച്ചന്മാർ സഭയ്ക്ക് ഒരു മുതൽക്കൂട്ടാണ്. നമ്മുടെ മൗലിക വിശ്വാസവും ആത്മീയ വിശ്വാസവും ഊന്നൽ കൊടുത്തിട്ടുള്ള പാഠ്യ വിഷയങ്ങൾക്ക് നല്ല പ്രതിഫലനം കാണുന്നുണ്ട്. പുതിയ തലമുറയിലെ വൈദികർ നല്ല ആത്മീയ പ്രഭാഷണം നൽകുവാൻ പ്രാപ്തരാണ്. ഇതു വളരെ പ്രശംസനീയം തന്നെ. എന്നാൽ കുറച്ചുകൂടി ബഹുമുഖമായി മെച്ചപ്പെടുത്തുവാൻ ചില നിർദ്ദേശങ്ങൾ എഴുതി അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

1. മാനേജ്മെന്റ് വൈദഗ്ദ്ധ്യം ഒരു പാഠ്യവിഷയം ആക്കണം: ഒരു വികാരി അച്ചൻ നല്ല ഭരണനൈപുണ്യം കൈവരിക്കേണ്ടതുണ്ട്. ഒരു മാനേജുമെന്റ് പേപ്പർ, പ്രോജക്ടു സഹിതം നിർബന്ധിതമായ പാഠ്യവിഷയമാക്കേണ്ടതാണ്. ഇതാണ് ഒന്നാമത്തെ നിർദ്ദേശം. സെമിനാരിയിലേക്കുള്ള യോഗ്യതാ പഠിപ്പിൽ 50 ശതമാനത്തിൽ കുറയാതെ മാർക്ക് ഡിഗ്രിയിലും, അഭിരുചി പരീക്ഷയിലും നിർബന്ധമാക്കണം. യോഗ, മെഡിറ്റേഷൻ, ജീവിത ശൈലി, തുടങ്ങി സ്ട്രസ് മാനേജ്മെന്റ് ക്ലാസ്സുകൾ നിർബന്ധമാക്കണം.

2. എല്ലാ സ്ഥാനികൾക്കും ഇൻ ഹൗസ് മാനേജ്മെന്റ് പരിശീലനം: ഇടവക ഭരണത്തിൽ വികാരി അച്ചന്മാർ എല്ലാ കാര്യങ്ങളിലും അവസാനവാക്ക് ഉള്ളവരാണ്. ഇന്നത്തെ അച്ചന്മാർക്ക് അസറ്റ് മാനേജ്മെന്റിൽ വേണ്ടത്ര പരിജ്ഞാനം സിദ്ധിച്ചിട്ടില്ല എന്നുതന്നെ പറയാം. അസറ്റ് മാനേജ്മെന്റ് എന്നാൽ Men (സഭാമക്കൾ) Material (സമ്പത്ത്) And Money (ധനം) എന്നീ മൂന്ന് വിഷയങ്ങളാണ് പ്രധാനമായും. ധാർമ്മിക മുല്യങ്ങൾ കൈവിടാതെ വികസനോന്മുഖമായി ഈ മുന്നു മേഖലകളിൽ വളർച്ചയ്ക്ക് നേതൃത്വം കൊടുക്കുവാൻ അച്ചന്മാർ ബാദ്ധ്യസ്ഥരാണ്. ഈ വിഷയം മേൽസ്ഥാനികൾക്കും ബാധകമാണ്. ഈ ഉന്നത സ്ഥാനീയർക്ക് നല്ല മാനേജ്മെന്റ് കൺസൾട്ടിംഗ് വഴിയോ, ഐ.ഐ.എം തുടങ്ങിയ സ്ഥാപനങ്ങളിലെ ഫാകൽട്ടിയെ കൊണ്ടുവന്ന് വർഷത്തിൽ ഒന്നോ, രണ്ടോ പരിശീലനക്ലാസ് അല്ലെങ്കിൽ ശില്പശാല ഒന്നോ, രണ്ടോ ദിവസം മാത്രം നമ്മുടെ സ്ഥാപനങ്ങളിൽ നടത്തണമെന്നതാണ് രണ്ടാമത്തെ നിർദ്ദേശം. ഇതുവഴി വിവരസാങ്കേതിക വിഷയങ്ങൾ അപ്ഡേറ്റ് ചെയ്യുവാൻ സാധിക്കും., പഴയ തലമുറക്കാർക്കും , പുതിയ തലമുറക്കാർക്കും തമ്മിലുള്ള അന്തരം കുറയ്ക്കുകയും, ഏകദേശസമാനമായും, ഒരുമയുള്ളതുമായ പദ്ധതികൾ രൂപപ്പെടുത്തുവാനും കഴിയും. നിലവിലുള്ള ഭദ്രാസനങ്ങൾ പല വേഗതയിലും ദിശയിലുമാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഐക്യരൂപം ഉണ്ടാകണം.

3. performance Appraisal Committee : മൂന്നാമത്തെ നിർദ്ദേശം പരമപ്രധാമമാണ്. മേൽപ്രസ്താവിച്ച കമ്മറ്റി എല്ലാ സ്ഥാനികളെയും വർഷത്തിലൊരിക്കൽ സ്വകാര്യതവിടാതെ വിലയിരുത്തണം. പോരായ്മകൾ ചൂണ്ടികാണിച്ച് കൗൺസിലിംഗ് ചെയ്യുകയോ വേണ്ടിവന്നാൽ പ്രത്യേക പരിശീലനക്ലാസ് കൊടുക്കുകയോ വേണം. ഈ കമ്മറ്റി മേൽസ്ഥാനികളെ വ്യക്തിഗതമായ വിവരങ്ങൾ ക്രമമായി ബോധ്യപ്പെടുത്തുകയും അതനുസരിച്ച് മേൽസ്ഥാനികൾ കീഴ്സ്ഥാനികളെ നിർബന്ധമായും അവബോധപ്പെടുത്തുകയും വേണം. എല്ലാവർഷവും അസൈൻമെന്റിന് അനുസൃതമായി Achievement, വിശകലനം സമയബന്ധിതമായി ചെയ്യണം. സംഭാവനകൾക്കനുസൃതമായി അംഗീകാരങ്ങൾ നൽകണം. മൂന്നുവർഷം കൂടുമ്പോൾ ട്രാൻസ്ഫർ ഉണ്ടാകണം. നല്ല HR Management ഉണ്ടാകണം ഉടനെ.

നമ്മളിൽ ആരും മറുപക്ഷത്ത് ചെന്നുചേരുവാൻ സാഹചര്യം ഉണ്ടാകരുത്. അതേസമയം മറുപക്ഷത്തു നിന്നും, മറ്റു സഭകളിൽ നിന്നും നമ്മുടെ കൂട്ടത്തിൽ വന്നുചേരുവാൻ സൗകര്യങ്ങൾ ഒരുക്കണം. വരുന്നവരെ അനുനയിപ്പിച്ച് ഉൾക്കൊള്ളുവാൻ കളമൊരുക്കണം. അതായത് സഭാമക്കളുടെ എണ്ണത്തിലും ഗുണത്തിലും നിരന്തരമായ വർധനവ് നേതൃനിരയിലുള്ള ഓരോരുത്തരുടെയും ചുമതലയാവണം. Performance -ന്റെ മുഖ്യ ഘടകം അതാണ്.

4. Public Relation , legal Guidance: ജനസമ്പർക്കം വളരെ പ്രധാന വിഷയമാണ്. നല്ല ജഞ്ചഛ വർക്കിനും legal Guidance നമ്മൾ ഒട്ടും തന്നെ ശ്രദ്ധിക്കുന്നില്ല എന്നത് ഒരു ദു:ഖസത്യമാണ്. എറണാകുളം ജില്ലയിലെ നമ്മുടെ പല പള്ളി വഴക്കുകൾ തീർക്കുവാൻ legal ആയും Political ആയും നമമൾ ശരിയായ ദിശയിൽ അല്ല പോകുന്നത്. സംഘർഷത്തിന്റെ മാർഗ്ഗം നമ്മുക്ക് വേണ്ട.,എന്നാൽ സംഘടനാ ബലം കാട്ടിയാൽ മാത്രമെ നല്ല Political Settlement ഉണ്ടാകൂ. നിയമപരമായി നമ്മൾ ശരിയാണ് എന്ന് വിശ്വസിച്ച് അനുകൂല തീർപ്പ് നമ്മളെ തേടി വരുമെന്നുള്ള ഇന്നത്തെ നമ്മുടെ അമിത വിശ്വാസം ഒരുതരം നിസംഗതയാണ്. ചിലർക്ക് ഒരുതരം വല്ല്യേട്ടൻ മനോഭാവവും ഇതു രണ്ടുമല്ലാതെ സമാധാനപരമായി നമ്മൾ ശക്തി പ്രകടിപ്പിക്കണം. അതോടൊപ്പം വളരെ കൃത്യതയോടെ കേസുകൾ നടത്തണം. ഒരു കേന്ദ്രീകൃത നിയമോപദേശക സമിതി എറണാകുളത്ത് ഉടനെ രൂപീകരിക്കണം. എല്ലാ പള്ളി വഴക്കുകളും ആ സമിതി മേൽനോട്ടം വഹിക്കണം. ചിലവുകൾക്ക് വ്യവസ്ഥാപിതമായ ക്രമീകര

(ശേഷം പേജ് 4-ൽ)

# നാം എങ്ങോട്ട് ?

തോമസ് കുര്യൻ എറണാകുളം

അതീവ ദുഃഖത്തോടും, ഭാരത്തോടുംകൂടെ ചില സത്യങ്ങൾ കുറിക്കുന്നത് ആരേയും വേദനിപ്പിക്കുവാനോ ചെറുതായി കാണുവാനോ അല്ല. പ.കാതോലിക്കാ ബാവായുടെ വാഴ്ച വളരെ പ്രതീക്ഷയോടെയാണ് സഭ നോക്കികണ്ടത്. എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ തിരുമനസ്സിനെ ചുറ്റിപ്പറ്റി നിൽക്കുന്ന ചില ഇത്തിൾകണ്ണികൾ തിരുമേനിയുടെ പ്രഭ കെടുത്തിക്കൊണ്ടിരിക്കുന്നു. ഈ പോക്ക് അപകടകരമാണ്.

സഭയുടെ പ്രശ്നങ്ങൾ വളരെയും വടക്കൻ പ്രദേശങ്ങളെ കേന്ദ്രീകരിച്ചാണല്ലോ. ഈ ഭാഗത്തെ സ്ഥിതി ആത്മഹത്യാപരമാണ്. കൈവശമുണ്ടായിരുന്ന പള്ളികൾ ഒന്നൊന്നായി മറുഭാഗത്തിന്റെ പിടിയിലായി. ഇതരസഭക്കാർക്കും രാഷ്ട്രീയക്കാർക്കും വേണ്ടാത്തവരായി ഓർത്തഡോക്സുകാർ. ശ്രീ.ഉമ്മൻ ചാണ്ടിയെ 'ഊമൻ ചാണ്ടി' എന്നുവരെ പരസ്യമായി വിളിച്ച് പരിഹസിച്ചു. പിറവം തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടു മന്ത്രി കെ.ബാബുവിനെ 'യാക്കോബായ ഈഴവ മന്ത്രി' എന്ന് നോട്ടീസ് അടിച്ച് അധിക്ഷേപിച്ചു. യു.ഡി.എഫിനെ പരാജയപ്പെടുത്തുമെന്ന് പരസ്യമായി പ്രഖ്യാപിച്ചു. വൈദികട്രസ്റ്റിയുടെ സ്വന്തം സ്ഥലമായ പാമ്പാക്കുടയിൽ അനൂപ് ജേക്കബ്വൻ ഭൂരിപക്ഷം നേടി. എന്തുപറഞ്ഞാലും കോടതി കോടതി. എന്നാൽ അടുത്തകാലത്തായി ഉണ്ടായ എല്ലാ വിധികളും പാത്രിയർക്കീസ് പക്ഷത്തിന് അനുകൂലം. ഏറ്റവും ഒടുവിലുണ്ടായ വിധി പഴന്തോട്ടം പള്ളിയുടേതാണ്. ഒരുപ്രാവശ്യംപോലും കയറാതിരുന്ന മറുപക്ഷം ഇപ്പോൾ സ്ഥിരം പള്ളിക്കകത്ത്. തള്ളിയത് ഓർത്തഡോക്സ് പക്ഷത്തെ വികാരിമത്തായി ഇടയനാൽ നൽകിയ കേസ്. അത് അദ്ദേഹത്തിന്റെ അഹങ്കാരത്തിന് ലഭിച്ച തിരിച്ചടിയെന്ന് പഴന്തോട്ടത്തുകാർ തന്നെ പറയുന്നു. ആലുവാ തൃക്കുന്നത്തിന്റെ സ്ഥിതി അതിലും പരിതാപകരം. മണ്ണാറപ്രായിൽ കോർഎപ്പിസ്കോപ്പായുടെ കാലത്ത് മറുഭാഗം എത്തിനോക്കാതിരുന്ന സെമിനാരിയിൽ ശ്രേഷ്ഠ ബാവാ ഇപ്പോൾ കുർബ്ബാനവരെ ചൊല്ലി. കോലഞ്ചേരിയിലെ സത്യാഗ്രഹം അനവസരത്തിലായിപ്പോയി എന്നാണ് പരക്കെ മനസ്സിലാക്കുന്നത്. മൂന്നിൽ രണ്ടുതവണ ഉണ്ടായിരുന്ന പള്ളികളിൽ ഒന്നുമില്ലാത്ത അവസ്ഥ. അവിടുത്തെ കോടതിവിധിക്ക് അപ്പീൽ നിലനിൽക്കുന്നതിനു പുറമേ ഓർത്തഡോക്സ് പക്ഷം കോടതിയിൽനിന്നും ഡിക്രി നേടിയിട്ടുമില്ല. മണ്ണത്തൂരും മാമ്മലശ്ശേരിയും സ്ഥിതി പരിതാപകരം. മൂവാറ്റുപുഴ അരമന പകുതി പണിയിൽ നിർത്തി. കോതമംഗലത്ത് തോമസ് പോൾ റമ്പാനും വിജയിക്കാനായില്ല. അദ്ദേഹത്തിന്റെ മുകളിലേക്കുള്ള പരക്കം പാച്ചിലിന്റെ വേഗം കൂട്ടാനാണ് അനവസരത്തിലെ കോതമംഗലം കേസ് എന്ന് പറയുന്നവരുമുണ്ട്. സഭയുടെ ലക്ഷങ്ങൾ ഇവിടെയും പൊളിച്ചു. എവിടെങ്കിലും എന്തെങ്കിലും ഒരു നേട്ടം ഉണ്ടായതായി പറയാമോ. എല്ലായിടത്തും തിരിച്ചടി. തെറ്റുകൾ തിരുത്താതെ തെറ്റിൽനിന്നും തെറ്റിലേക്ക് വഴുതിപ്പോകുന്ന അവസ്ഥ അപകടകരമാണ്. ഇതിനു മാറ്റമുണ്ടാകണം.

# മാനേജിംഗ് കമ്മിറ്റിയിലേക്കുള്ള നോമിനേഷന്റെ മാനദണ്ഡം എന്ത്?

കെ.ജി.ജോർജ് കൈപ്പട്ടൂർ

മലങ്കര ഓർത്തഡോക്സ് സഭയുടെ മാനേജിംഗ് കമ്മിറ്റിയിലേക്ക് വിവിധ ഭദ്രാസനങ്ങളിൽനിന്നും 129 പേർ തെരഞ്ഞെടുക്കപ്പെട്ടുവരുന്നു. വളരെ വാശിയേറിയ മത്സരത്തിലൂടെ തെരഞ്ഞെടുക്കപ്പെട്ടു വരുന്നവരാണ് ഈ 129 ആൾക്കാരും. അവരോടൊപ്പം 30 പേരെ പ.ബാവാ തിരുമേനി നോമിനേറ്റ് ചെയ്യുന്നു. ഏതാണ്ട് 25 ശതമാനം പേർ.

ഈ നോമിനേഷന് എന്തെങ്കിലും മാനദണ്ഡമുണ്ടോ. വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള പ്രഗത്ഭരായ നിഷ്പക്ഷമതികളായ ആളുകളെ കണ്ടുപിടിച്ച് സഭയുടെ പുരോഗതിക്ക് നിദാനമായ നേതൃത്വപരമായ പങ്കു വഹിക്കുവാൻ കഴിയുന്നവരാകേണ്ടേ നോമിനേഷനിലൂടെ വരേണ്ടത്. വിദ്യാഭ്യാസ രംഗത്ത്, രാഷ്ട്രീയ, സാമൂഹ്യ, കലാ സാംസ്ക്കാരിക രംഗത്ത്, ഭരണപരമായ രംഗത്ത്, മാധ്യമരംഗത്ത്, കാർഷികരംഗത്ത്, വ്യവസായിക രംഗത്ത് അങ്ങനെ വിവിധ രംഗങ്ങളിൽ കഴിവുള്ള പ്രതിഭകളെ കണ്ടുപിടിച്ച് നോമിനേറ്റ് ചെയ്യുവാനല്ലേ സഭ തയ്യാറാകേണ്ടത്. നോട്ടുകെട്ടിന്റെ ബലത്തിൽ നോമിനേഷൻ നടക്കുന്നുണ്ടോ എന്ന് വിശ്വാസികൾ സംശയിക്കുന്ന പക്ഷം അതിന് അവരെ കുറ്റം പറയാൻ പറ്റുമോ?

തെരഞ്ഞെടുക്കപ്പെട്ടു വരുന്നവരോടൊപ്പം നോമിനേറ്റ് ചെയ്തു വരുന്നവർക്ക് അസോസിയേഷൻ സെക്രട്ടറി പോലുള്ള സ്ഥാനത്ത് തെരഞ്ഞെടുക്കപ്പെടുവാൻ വോട്ടവകാശം നൽകുന്നത് ജനാധിപത്യവിരുദ്ധവും ജനാധിപത്യത്തിന്റെ സത്തയെ തന്നെ ഇല്ലാതാക്കുന്ന പ്രക്രിയയല്ലെ. 25 ശതമാനം നോമിനേഷൻ എന്ന് പറയുമ്പോൾ തെരഞ്ഞെടുക്കപ്പെട്ടു വരുന്നവരുടെ പ്രസക്തി ഇല്ലാതാക്കുകയല്ലേ ഫലത്തിൽ. അഞ്ചു ശതമാനത്തിൽ കൂടുതൽ നോമിനേഷൻ ഉണ്ടാകരുത്. ഭരണഘടന തദനുസൃതമായി ഭേദഗതി ചെയ്യണം. ഇല്ലായെങ്കിൽ മുഴുവൻ ആളുകളെയും ഭഗ്രാസന തലത്തിൽ പ.ബാവാ തന്നെ നോമിനേറ്റ് ചെയ്യണം. ഇത്രയേറെ വാശിയേറിയ വ്യയഹേതുകമായ പണത്തിന്റെ അതിപ്രസരത്തിലൂടെയുള്ള തെരഞ്ഞെടുപ്പ് എന്തിനുവേണ്ടി? ജനാധിപത്യത്തിന്റെ ബാലപാഠം പോലും മനസ്സിലാക്കാതെ ജനങ്ങൾ ജനങ്ങളാൽ ജനങ്ങൾക്കുവേണ്ടി എന്ന ജനാധിപത്യമൂല്യം തകർക്കുന്ന ഇന്നത്തെ രീതി അപലപനീയമല്ലേ. ജനങ്ങളിൽനിന്നും സഭ അകലുകയല്ലേ ചെയ്യുന്നത്. മാനേജിംഗ് കമ്മിറ്റി മെമ്പറാകാൻ മത്സരിച്ച് ദയനീയമാകുംവിധം പരാജയപ്പെട്ടവരെ ഏതു മാനദണ്ഡത്തിലൂടെയാണ് നോമിനേഷനിലൂടെ മാനേജിംഗ് കമ്മിറ്റി മെമ്പറാക്കിയത്.

തെരഞ്ഞെടുപ്പ് അടുക്കുമ്പോൾ ചില സ്ഥാപിത താൽപര്യക്കാർ സീറ്റിനുവേണ്ടി സഭയുടെ പേരിൽ ഓടിനടക്കുന്നു. ഈ 30 പേരുടെ നോമിനേഷനിൽ ഏതെങ്കിലും ഒരു സജീവ രാഷ്ട്രീയക്കാരനുണ്ടോ. തുമ്പമൺ ഭദ്രാസനത്തിൽ യോഗ്യന്മാർ ഇല്ലാഞ്ഞോ നോമിനേഷനിൽ ആരും ഈ ഭദ്രാസനത്തിൽനിന്ന് ഇല്ലാതെപോയത്. അവിടെയാണ് വിശ്വാസികൾ സംശയിക്കുന്നത് നോട്ടുകെട്ടുകളുടെ ബലമോ നോമിനേഷൻ.

# ധ്യാനപീഠം

ഫാ.ജോൺ റ്റി.വർഗീസ് കുളക്കട

# തിരികെവരാൻ പ്രേരിപ്പിക്കുന്ന പുതുവെളിച്ചം

### പുതുഞായറാഴ്ചയ്ക്കുശേഷം മൂന്നാം ഞായർ, വി.ലൂക്കോസ് 24:13–35

യെരുശലേമിൽനിന്ന് എമ്മാവൂസിലേക്ക് രണ്ടുപേർ കലങ്ങിയ മനസ്സുമായി യാത്രചെയ്യുമ്പോൾ മൂന്നാമതൊരാൾ ഒരു പകൽ മുഴുവൻ അവരുടെകൂടെ നടക്കുന്നതും അവരുടെ വഴി അവസാനം തിരിച്ചുവിടുന്നതുമായ വേദഭാഗമാണിത്.

### സഹവാസം ഒരു പുതുവാസം

സഹവാസം മനുഷ്യരിൽ രണ്ടുതരം പ്രതിഫലനങ്ങൾ സൃഷ്ടിക്കാം. ഒന്ന് തണുത്ത സ്നേഹത്തിന്റെ ഇരകളായി ജീവിക്കേണ്ടിവരിക എന്നതാണ്. ഏറെ കൊതിച്ച് ഒരുമിച്ച് സഹവസിച്ചു തുടങ്ങുന്ന എത്രയോ ദാമ്പത്യങ്ങൾ പഴയ സ്നേഹത്തിന്റെ ഊർജ്ജത്തിൽനിന്ന് അകന്നുപോകുന്നു. ഒരു കൂരയ്ക്കു കീഴിൽ ഒരുമിച്ച് സഹവസിക്കുമ്പോഴും തുറക്കപ്പെടാത്ത സ്നേഹവുമായി ഒരായുസ്സ് മുഴുവൻ ജീവിക്കേണ്ടിവരിക കൂടെയുള്ള ആളുകളുടെ നന്മ കാണാതെ തുറന്നുപിടിച്ച ഒരു ഇടപെടൽപോലുമില്ലാതെ അവസാനം നമ്മളൊക്കെ മടങ്ങിപ്പോകേണ്ടിവരിക. സ്നേഹിക്കാൻ നൂറു കാരണങ്ങൾ അന്വേഷിച്ച് സഹവാസം തുടങ്ങുന്നവർ പിന്നീട് സ്നേഹിക്കാതിരിക്കാൻ നൂറു കാരണങ്ങൾ അന്വേഷിച്ച് മുഖം മ്ലാനമാക്കുന്നു. നമ്മുടെയൊക്കെ ഒപ്പം സഹവസിക്കുന്നവരോട് പോസിറ്റീവ് എനർജിയുടെ ഒരു സ്വാധീനവും ചെലുത്താത്തവരായി നാം ജീവിക്കുന്നുണ്ട്. സഹവാസത്തിന്റെ രണ്ടാമത്തെ പ്രതിഫലനം സഹവാസം ഒരു പുതുജീവൻ സൃഷ്ടിക്കാനുള്ള സാധ്യതയാണ്. ആരോട് സഹവസിക്കുന്നുവോ അയാൾ നമ്മളിൽ വല്ലാത്ത സ്വാധീനം ചെലുത്തുന്നതായി കാണാം. ശിഷ്യന്മാർ രണ്ടുപേരുമൊരുമിച്ച് ആവശ്യപ്പെടുന്നു ഞങ്ങളോടുകൂടെ താമസിക്കുക എന്നാൽ ഉയർത്തെഴുന്നേറ്റ ക്രിസ്തുവുമായുള്ള സഹവാസത്തിലൂടെ ഹൃദയം ജ്വലിക്കുകയും നയനങ്ങൾ തുറക്കപ്പെടുകയും ഉൾക്കാഴ്ചകളാലും തിരിച്ചറിവുകളാലും നിറയപ്പെടുകയും യെരുശലേമെന്ന കർമ്മഭൂമിയിലേക്ക് അതിവേഗം ബഹുദൂരം തിരികെ പോവുകയും ചെയ്യുന്നു ഈ രണ്ടുപേരും. സക്കായിയോട് യേശു പറയുന്നത് എനിക്ക് നിന്നോടുകൂടെ താമസിക്കേണ്ടിയിരിക്കുന്നു. ഒരുപാട് പേരോട് ഇടപെട്ടിട്ടും ഒറ്റപ്പെട്ടു പോയവനായ സക്കായിയോടൊത്ത് യേശു താമസിക്കുമ്പോൾ സഹവാസത്തിന്റെ ഫലം സക്കായി അനുഭവിക്കുന്നു. അയാൾ ഇന്നൊരു പുതിയ മനുഷ്യനാണ്. ശമര്യാഗ്രാമം ഒന്നടങ്കം യേശുവിനോട് ആവശ്യപ്പെടുന്നു. തങ്ങളോടൊത്ത് യേശു സഹവസിക്കണമെന്ന്. രണ്ട് ദിവസത്തെ സഹവാസം കൊണ്ട് വിജാതീയർ അവനെ ആഴത്തിൽ അറിയുന്നു. രണ്ടുപേർ ഒരുമിച്ച് സന്തോഷമായി തുടങ്ങിയതാണ് ഏദനിൽ ജീവിതം. കൂടെ സഹവസിക്കാൻ രണ്ടുപേർ ആ തോട്ടത്തിലേക്ക് വിരുന്നുവന്നു. ഒന്ന് വൈകിയനേരങ്ങളിൽ ദൈവം. മറ്റൊന്ന് ഇരുട്ടിന്റെ മറവിൽ പിശാച്. ആദിമാതാപിതാക്കൾ ചേർന്ന് രണ്ടാമത്തെ ആൾക്ക് ഹൃദയവാതിൽ തുറന്നുകൊടുത്തു. ആ സഹവാസത്തിന്റെ ഫലം അവർ അനുഭവിച്ചു. ഞാൻ ആരെയാണ് സഹവാസത്തിന് ക്ഷണിക്കുന്നത്. എമ്മാവൂസിലെ ശിഷ്യരെപ്പോലെ ഞാനും വിളിക്കും. വരിക എന്നോടുകൂടെ താമസിക്കുക.

### വെളിച്ചത്തിൽ അകന്നുപോയവർ ഇരുട്ടിൽ തിരികെ വരുന്നു

ആ രാത്രി അത്താഴത്തിന്റെ നേരത്ത് അവർക്ക് ഒരു പുതിയ വെളിപാടുണ്ടായി. ആ നാഴികയിൽ തന്നെ അവർ തിരികെ യെരുശലേമിലേക്ക് പോകുന്നു. ഇവിടെ യെരുശലേം ഒരു പ്രതീകമാണ്. സമാധാനത്തിന്റെയും ക്രിസ്ത്യാനിത്വത്തിന്റെയും വിശുദ്ധിയുടെയും പ്രതീകം. അവിടെനിന്ന് ഒരു പകൽ മുഴുവൻ അകന്നുപോകുകയാണ്. പോകുംതോറും അവരുടെ വിശ്വാസത്തിന് ഇടിവു സംഭവിച്ചതായി നാം കാണുന്നു. കുറേ ഏറെ നെഗറ്റീവ് അനുഭവങ്ങൾ അവരുടെ മുന്നോട്ടുള്ള യാത്രയിൽ ഉണ്ട്. തർക്കിച്ചും സംസാരിച്ചും മുന്നോട്ട്, നിരോധിക്കപ്പെട്ട കാഴ്ച. യേശു ദൈവത്തിന്റെ പുത്രനല്ല പ്രവാചകൻ എന്ന ചിന്ത. ഉയർപ്പ് വെറും ഭ്രമം മാത്രം. അങ്ങിനെ അവരുടെ വിശ്വാസത്തിന്റെ പടവുകൾ ഇറങ്ങി അവർ എമ്മാവൂസിലെത്തുന്നു. അവരുടെ സഹയാത്രികൻ അനുഗ്രഹിച്ച് നുറുക്കിക്കൊടുത്ത അപ്പം വി.കുർബ്ബാനായി ദൈവീക വെളിപാടായി അവരുടെ ഉള്ളിലേക്ക് ആഴ്ന്നിറങ്ങുന്നു. ആ ദൈവിക വെളിപാടിന് അവർ അതിവേഗം മറുപടി കൊടുക്കുന്നു. പകലത്തെ യാത്രാക്ഷീണമോ ഈ രാത്രിയിലെ ഇരുട്ടോ വകവെയ്ക്കാതെ യെറുശലേമിലേക്ക് യാത്രതിരിക്കുന്നു. ലോകത്തിന്റെ വെളിച്ചത്തിൽ പകലിൽ അകന്നുപോയവർ ഇരുട്ടത്ത് വി. കുർബ്ബാനയുടെ അതിനേക്കാൾ വലിയ വെളിച്ചത്തിൽ തിരികെ വരുന്നു. പോയദൂരം തിരികെ നടന്നെത്തുമ്പോഴേയ്ക്കും യെരുശലേമിൽ സൂര്യൻ ഉദിച്ചിട്ടുണ്ടായിരിക്കണം. ഇനി അവർക്ക് വെളിച്ചം സൂര്യനല്ല നിലാവ് ചന്ദ്രനുമല്ല. യേശുക്രിസ്തു അവർക്ക് നിത്യപ്രകാശമായിരിക്കുന്നു. നമ്മുടെ പരിസരങ്ങളിൽ ഭൗതിക വെളിച്ചത്തിൽ നാം കൃപയുടെ യെരുശലേമിൽനിന്ന് അകന്നുപോയേക്കാം. പക്ഷെ ഏത് ഇരുട്ടത്തും വി.കൂദാശാനുഭവങ്ങളുടെ വെളിച്ചത്തിൽ അനുഗ്രഹങ്ങളുടെ യെരുശലേമിലേക്ക് മടങ്ങിയെത്താനാകണം. അവിടെ നമ്മുക്ക് ഒരു സൂര്യൻ ഉദിക്കും. യാക്കോബ് പെനിയേൽ കടക്കുമ്പോൾ സൂര്യൻ ഉദിച്ചിരുന്നു (ഉല്പത്തി 32:30).

### പുതുഞായറാഴ്ചയ്ക്കുശേഷം നാലാം ഞായർ, വി.ലൂക്കോസ് 9:51–62

സ്വർഗ്ഗാരോഹണപെരുന്നാളിന് തൊട്ടുമുമ്പുള്ള ഞായറാഴ്ചയാണിത്. യേശുതമ്പുരാൻ ഗലീലയിൽനിന്ന് യെരുശലേമിലേക്ക് യാത്രയ്ക്കൊരുങ്ങുന്നു. ഒരു ദേശത്തെ മുഴുവൻ നശിപ്പിക്കണമെന്ന യാക്കോബിന്റെയും യോഹന്നാന്റെയും വന്യമായ ഭാവം കണ്ടിട്ട് ഒരുവേള യേശുക്രിസ്തുപോലും നടങ്ങുന്നുണ്ട്. അതോടൊപ്പം ക്രിസ്തുവിനെ അനുഗമിക്കുവാൻ ആഗ്രഹിച്ച മൂന്നു വ്യക്തികളോടുള്ള കർത്താവിന്റെ വ്യത്യസ്തങ്ങളായ മൂന്നു മറുപടികളും ഇവിടെ ധ്യാനവിധേയമാകുന്നു.

### പകയുടെ തീക്കനലുമായി നാലു കണ്ണുകൾ

ഒരു വംശം മുഴുവൻ നശിച്ചുപോകട്ടെ എന്ന മനസ്സുമായി യാക്കോബും യോഹന്നാൻ ശമര്യയുടെ വഴിയിൽ നിൽക്കുകയാണ്. സാഹചര്യങ്ങൾക്ക് അടിമപ്പെട്ട് തീവ്രപ്രതികരണങ്ങളും ആത്മരോഷങ്ങളെയും കൂട്ടുപിടിക്കുന്നവരുടെ പ്രതിനിധിയാണിവർ. നമ്മുടെ വിശ്വാസം സ്വീകരിക്കാത്തവരെല്ലാം നശിക്കേണ്ടവരാണെന്നും അവരെല്ലാം മഹാപാപികളാണെന്നുമുള്ള യാഥാസ്ഥിതികവും വർഗ്ഗീയത നിറഞ്ഞതുമായ ഈ കാഴ്ചപ്പാട് യേശുവിനെ ക്രോതാകുലനാക്കുന്നു. മറ്റ് സമുദായങ്ങളായുള്ള പല ക്രിസ്തീയ വിഭാഗങ്ങളുടെയും സമീപനം ഇക്കാലത്തും ധാർഷ്ഠ്യം നിറഞ്ഞതാണ്. ഭൂരിപക്ഷം ക്രിസ്ത്യാനികളും ആത്മാവിലെ സത്യത്തിലും ദൈവത്തെ ആരാധിക്കുന്നവർ തങ്ങളാണെന്ന് അവകാശപ്പെടുന്നവരാണ്. മറ്റുള്ളവരെ അവിശ്വാസികളും ജാതികളുമായി തരംതാഴ്ത്തുന്നു. ബഹുജാതികളും വ്യവസ്ഥകളും നിലവിലിരിക്കുന്ന നിവിലിരിക്കുന്ന ഭാരതത്തിൽ മറ്റു ജനങ്ങളയും മതങ്ങളെയും വിഭാഗങ്ങളെയും മാനിക്കുവാൻ നാം തയ്യാറാകണം. സഭാപരമായ ഇടപെടലുകളൊന്നും പരുക്കൻരീതിയിലാകരുത്. ഇന്ന് പലപ്പോഴും ക്രിസ്തീയ സഭകൾ ന്യൂനപക്ഷാവകാശങ്ങൾക്കുവേണ്ടി സംസാരിക്കുകയും ഭൂരിപക്ഷ മേൽക്കോയ്മയുടെ സ്വഭാവത്തിൽ പെരുമാറുകയും ചെയ്യുന്നവരാണ്. ഈ രണ്ടു ശിഷ്യന്മാരുടെയും മാന്യതയുടെ സകല ഭാവങ്ങളെയും യേശു തച്ചുടച്ചുകളഞ്ഞിരിക്കുന്നു. അവരുടെ സ്വാർത്ഥതയെ യേശു ശാസിക്കുന്നു. കടലിലെ അപകടകരമായ പാറകളെപ്പറ്റി കപ്പിത്താന്മാർക്ക് മുന്നറിയിപ്പുകൊടുക്കുന്ന ഉയരംകൂടിയ ഗോപുരം പണിയാൻ ഒരു വാസ്തുശില്പിയോട് ഈജിപ്തിലെ രാജാവ് കല്പിക്കുന്നതിനെപ്പറ്റിയുള്ള കഥയുണ്ട്. ഈ ഗോപുരം പണിഞ്ഞപ്പോൾ അതിന്റെ പ്രധാന കല്ലിൽ വാസ്തുശില്പി തന്റെ സ്വന്തം പേര് വലിയ അക്ഷരത്തിൽ എഴുതിവെച്ചു. അതിനുശേഷം താൻ കൊത്തിയെഴുതിയതിന്റെ മുകളിൽ ചാന്തുതേച്ചു. അതിന്റെ പുറത്ത് സ്വർണ്ണലിപിയിൽ രാജാവിന്റെ പേരെഴുതി. അതുവഴി രാജാവിനെ ബഹുമാനിക്കുകയാണെന്ന് അയാൾ കരുതി. അധികം താമസിയാതെ കടലിലെ തിരമാലകൾ ഗോപുരത്തിൽ ആഞ്ഞടിച്ചപ്പോൾ രാജാവിന്റെ പേരും അതിനടിയിലെ ചാന്തും ഇളകിപ്പോയി. അവശേഷിച്ചത് വാസ്തുശില്പിയുടെ പേരുമാത്രമായിരുന്നു. അതുപോലെതന്നെയാണിവിടെ യേശുവിനെ ഈ ശിഷ്യർ മഹത്വപ്പെടുത്തുന്നതായി തോന്നിയേക്കാം. പക്ഷെ അവരുടെ സ്വാർത്ഥമായ രീതിയിൽ അവർ അവരുടെ സ്വയം സ്നേഹത്തെയാണ് തൃപ്തിപ്പെടുത്തുന്നത്.

## സഭാഭരണതലത്തിൽ....പേജ് 3–ൽനിന്ന്

ണങ്ങൾ ചെയ്യണം. നല്ല ജനസമ്പർക്കം പുലർത്തിക്കൊണ്ട് അധികാര സ്ഥാനങ്ങളിൽ നല്ല PRO വർക്ക് തുടർന്നുകൊണ്ടിരിക്കണം. മീഡിയയായി നിരന്തരമായി നല്ല ബന്ധം പുലർത്തണം.

ബഹു.ശെമവുൻ റമ്പാനെ , അകാരണമായി ആക്രമിച്ചതിന്റെ പ്രതിഷേധ യോഗം കണ്ടനാട് കർമ്മേൽ ദയറായിൽ സംഘടിപ്പിച്ചപ്പോൾ ആകെ ജനങ്ങളുടെ ഹാജർ 17 പേർ മാത്രം. ഒരു തിരുമേനിയും വൈദീക ട്രസ്റ്റിയും സംബന്ധിച്ച ആ യോഗം ഒരു Poor Show ആയിപ്പോയി. ആത്മാർത്ഥതയുള്ള സഭാമക്കൾ ഇല്ലാഞ്ഞിട്ടല്ല, ആ ഹാജർ നില മോശമായത്. ഇച്ഛാശക്തിയോടെ നേതൃത്വം ഒന്നും തന്നെ ശ്രമിച്ചിട്ടില്ല. എന്നാൽ എല്ലാവരും ഒന്നടങ്കം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി...ശരിയല്ല എന്നു പറയുന്നതു കേട്ടു. ശക്തികാണിക്കാൻ കഴിയാത്ത ഒരു സംഘടനയ്ക്കു വേണ്ടി ഒരു ജനനായകന് എന്തു ചെയ്യുവാൻ കഴിയും?

5. ധനവിനിയോഗം കുറ്റമറ്റതാക്കണം : ശുദ്ധസംസ്ക്കാരം ഉള്ള ഒരു നിയന്ത്രണം ധനവിനിയോഗത്തിൽ ഉണ്ടാകണം. ട്രസ്റ്റഡ് പ്രോപർട്ടിയുടെ കസ്റ്റോഡിയൻ എന്ന നിലയിൽ മാത്രം എല്ലാവരും ധനവിനിയോഗം നടത്തണം. ധനസമാഹരണംപോലെ തന്നെ വിനിയോഗവും ഏറെ ശ്രദ്ധിക്കേണ്ടതുണ്ട്. ഓരോ പൈസയും ചെലവിടുമ്പോൾ അവസാന ഉപഭോക്താവിന് എത്തിപ്പെട്ടെന്ന് തിട്ടപ്പെടുത്തേണ്ടതുണ്ട്. കുറേക്കാലം നേതൃത്വത്തിലിരുന്ന് ഏറെ നല്ല കാര്യങ്ങൾ ചെയ്തു എന്നതുകൊണ്ട് അനിയന്ത്രിതമായ അധികാരം ആർക്കും കൊടുത്തുകൂടാ. അതുപോലെ സഭയുടെ സഹായവും സഹകരണവും സിദ്ധിച്ചിട്ടുള്ള എല്ലാ വ്യക്തികളെയും, പ്രസ്ഥാനങ്ങളെയും നമ്മളോട് വിധേയത്വം പുലർത്തുവാൻ നിഷ്കർഷിക്കേണ്ടതുണ്ട്. ആരാധ്യനായ കെ.സി.മാമ്മൻ മാപ്പിളയുടെ കാലം മുതൽ മലങ്കര ഓർത്തഡോക്സ് സഭാമക്കൾ ഒന്നടങ്കം പരിപോഷിപ്പിച്ചിട്ടുള്ള മനോരമ ദിനപത്രം ഇന്ന് ശത്രുപക്ഷത്തിന് കൂട്ടുനിൽക്കുന്ന സ്ഥിതിയിലായി. സഭാമക്കൾ മനോരമയോട് സംവാദിക്കേണ്ടതുണ്ട്. ഇന്റഗ്രേറ്റഡ് ഫൈനാൻസ് വഴി ചോർന്നുപോയ ഭീമമായ സംഖ്യ അന്വധി ചെറിയവരുടെ സംഭാവനകളാണ്. മദ്രാസ് മെഡിക്കൽ മിഷൻ തുടങ്ങിയ സ്ഥാപനങ്ങൾ നമ്മുടെ പേരിലും രീതിയിലും സഭാമക്കളുടെ ആകമാന സഹകരണത്തിലും വളർത്തിയെടുത്തതാണ്. എന്നാൽ വളർച്ചയെത്തിയതിനുശേഷം സഭയെ കൈവിടുന്ന സ്വാർത്ഥ താൽപര്യത്തിലുള്ള ഭരണസമിതിയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. എല്ലാ പ്രസ്ഥാനങ്ങളിലും ഉപചാപക സംഘങ്ങളുടെ താൽപര്യങ്ങൾ വളർന്നുവരികയാണ്. മാനേജുമെന്റ് ഫെയിലറിന്റെ ചില ചെറിയ ഉദാഹരണങ്ങൾ എഴുതിയെന്നുമാത്രം.

ഇവന്റ് മാനേജുമെന്റിൽ വിശ്വസിക്കുന്നവരാരും കാരണങ്ങൾ കേട്ട് ശാന്തരാവുകയില്ല. ആകമാന വിജയത്തിന് അതിനനുസരണമായ പദ്ധതികൾ മുൻകൂട്ടി തയ്യാറാക്കി ചിട്ടയായി പ്രവർത്തികൾ തുടർന്നുചെയ്യുക എന്ന ഒരേ മാർഗ്ഗം മാത്രമേയുള്ളു വിജയത്തിന്. എല്ലാത്തിനും ഒരു പ്രൊഫഷണൽ ടച്ച് ഉണ്ടാകണം. നല്ല ഒരു മാനേജുമെന്റ് വിദഗ്ദ്ധന്റെ മാർഗ്ഗനിർദ്ദേശങ്ങൾ സ്വീകരിച്ച് നല്ലത് എന്ന് തോന്നുന്ന എന്റെ ആശയങ്ങളും സ്വീകരിക്കുമെന്ന് ആശിക്കുന്നു. (കണ്ടനാട് ഭദ്രാസനത്തിൽനിന്നുള്ള മലങ്കര അസോസിയേഷൻ അംഗമായ ലേഖന കർത്താവു തന്നെ ഈ ലേഖനത്തിന്റെ കോപ്പികൾ സുന്നഹദോസ് അംഗങ്ങൾക്കും സഭാമാനേജിംഗ് കമ്മിറ്റി അംഗങ്ങൾക്കും അയച്ചുകൊടുത്തിട്ടുണ്ട്.)

# മദ്യനിരോധനത്തിന് നടപടി സ്വീകരിക്കണം

അടൂർ : മദ്യവില്പനയിലൂടെയുള്ള സംസ്ഥാന വരുമാനം പൂർണ്ണമായും ഉപേക്ഷിക്കുവാനും മദ്യനിരോധനത്തിനാവശ്യമായ നടപടികൾ മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണമെന്നും ഓർത്തഡോക്സ് ക്രൈസ്തവ വിദ്യാർത്ഥിപ്രസ്ഥാനം മുൻ കേന്ദ്രവൈസ്പ്രസിഡന്റ് ജോൺ വർഗീസ് മോളേത്ത് ആവശ്യപ്പെട്ടു.

## വി.യൂദാശ്ലീഹായുടെ പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

**ഷീബാ അലക്സാണ്ടർ പൂനൈ**

## വി.യൂദാശ്ലീഹായുടെ പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

**ഏലിയാമ്മ ഐസക്ക്**

# ബത്തേരി സെന്റ് മേരീസ് കോളജിൽ നാക് റീ അക്രിഡിറ്റേഷൻ നടത്തി

സുൽത്താൻ ബത്തേരി : സെന്റ് മേരീസ് കോളജിൽ ദേശീയ അക്രിഡിറ്റേഷൻ കൗൺസിലിന്റെ പുനർമൂല്യ നിർണ്ണയം നടത്തി.

1965-ൽ ഫാ.മത്തായി നൂറനാലിന്റെ നേതൃത്വത്തിൽ ആരംഭിച്ചതും, മലങ്കര ഓർത്തഡോക്സ് സഭയുടെ ഉടമസ്ഥതയിലുള്ളതുമായ ഈ കോളജിൽ വിവിധ ബിരുദാനന്തര കോഴ്സുകളിലായി 1160 വിദ്യാർത്ഥികൾ പഠിക്കുന്നു. 10 ഡിഗ്രി കോഴ്സുകളും 4 പി.ജി. കോഴ്സുകളും ഇവിടെ നടക്കുന്നു. ബത്തേരി ഭദ്രാസനാധിപൻ ഏബ്രഹാം മാർ എപ്പിഫാനിയോസ് മാനേജരായും ജോർജ് മത്തായി നൂറനാൽ സെക്രട്ടറിയായും പ്രവർത്തിക്കുന്നു.

വയനാടിന്റെ മാനവശേഷി വികസനത്തിന് കോളജ് നൽകിയ നിസ്തുലമായ പങ്ക് നാക് പ്രത്യേകം പരിഗണിച്ചിരുന്നു. നൂതന സാങ്കേതിക വിദ്യകൾക്ക് പ്രാധാന്യമുള്ള ഈ കാലഘട്ടത്തിൽ അതിനനുസൃതമായി മുന്നേറിക്കൊണ്ടും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ടും ഈ കോളജ് എല്ലാ നിലയിലും സജ്ജമായുണ്ട് എന്ന് അഭിമാനപൂർവ്വം പറയാം. അഞ്ചു ദശാബ്ദക്കാലമായി വയനാട്ടിലെ പിന്നോക്ക ജനതയുടെ ഇടയിൽ അറിവിന്റെയും വിജ്ഞാനത്തിന്റെയും പ്രകാശം പരത്തുന്ന ഈ കോളജ് വയനാട്ടിലെ ഏറ്റവും മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒന്നാണ്.

നാക് വിദഗ്ദ്ധ സമിതി അംഗങ്ങൾക്ക് കോളജ് അങ്കണത്തിൽ സ്വീകരണം നൽകി. കോളജിലെ വിവിധ പഠനവിഭാഗങ്ങളുമായും പ്രിൻസിപ്പലുമായും വിശദമായ കൂടിക്കാഴ്ച നടത്തി. വിദ്യാർത്ഥികൾ, പൂർവ്വ വിദ്യാർത്ഥി, രക്ഷകർത്തൃസമിതികളുമായി ആശയ വിനിമയം നടത്തി. തുടർന്ന് കോളജ് വിദ്യാർത്ഥികളുടെ കലാപരിപാടികൾ നടത്തി. കോളജിലെ മറ്റ് അനുബന്ധ സ്ഥാപനങ്ങളായ ഹോസ്റ്റൽ, ഫിറ്റ്നെസ് സെന്റർ, പ്ലേ ഗ്രൗണ്ട്, കന്റീൻ, ഇന്റർനെറ്റ് കഫേ, നെറ്റ്‌വർക്ക് റിസോഴ്സ് സെന്റർ, കോ-ഓപറേറ്റീവ് സ്റ്റോർ തുടങ്ങിയ സ്ഥലങ്ങളിലും മറ്റു പ്രവർത്തനങ്ങളും സംഘം സന്ദർശിച്ചു. 2006-ൽ നാക് നടത്തിയ മൂല്യനിർണ്ണയത്തിൽ കോളജിന് ബി പ്ലസ് ഗ്രേഡ് ലഭിച്ചിരുന്നു.

സെന്റ് മേരീസ് കോളജ് എൻ.എസ്.എസിന്റെ ആഭിമുഖ്യത്തിൽ ദത്തെടുത്ത് വിവിധ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്ന വെള്ളായിക്കുഴി, പൂളവയൽ കോളനികളും, ഭവനദാന പദ്ധതിയുടെഭാഗമായി കുപ്പാടിയിൽ പണിതു കൊടുത്ത ഭവനവും സന്ദർശിച്ചു.

സമാപന സമ്മേളനത്തിൽ പ്രിൻസിപ്പൽ പ്രൊഫ.വർഗീസ് വൈദ്യൻ പി. അദ്ധ്യക്ഷത വഹിച്ചു. നാക് ചെയർമാൻ ഡോ.സഖറിയാസ് വിശദമായ സന്ദർശന റിപ്പോർട്ട് അവതരിപ്പിച്ചു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നാക് കേന്ദ്ര സമിതി ഗ്രേഡ് നിശ്ചയിക്കും.

ഭൂമിശാസ്ത്രപരമായും സാമ്പത്തിക സാമൂഹ്യകാരണങ്ങളാലും പിന്നോക്കം നിൽക്കുന്ന പ്രദേശത്തിന്റെ സർവ്വോന്മുഖമായ പുരോഗതിയിൽ കഴിഞ്ഞ 40 വർഷം ഈ ഉന്നത വിദ്യാഭ്യാസ സ്ഥാപനം വഹിച്ച പങ്ക് ശ്രദ്ധേയമാണെന്ന് നാക് കമ്മിറ്റി ചെയർമാൻ ഡോ.സഖറിയാസ് പറഞ്ഞു. ബത്തേരി ഭദ്രാസനാധിപൻ ഏബ്രഹാം മാർ എപ്പിഫാനിയോസ്, ഗവേണിംഗ് ബോർഡ് സെക്രട്ടറി ജോർജ് മത്തായി നൂറനാൽ, പ്രിൻസിപ്പാൾ പ്രൊഫ.വർഗീസ് വൈദ്യൻ പി., നാക് കോർഡിനേറ്റർ ഡോ.പി.എ.മത്തായി, ഡോ.ജോർജ് മാത്യു എന്നിവർ പ്രസംഗിച്ചു.


## നേഴ്സിംഗ് അഡ്മിഷൻ

**താഴെക്കാണുന്ന പ്രശസ്തമായ നേഴ്സിംഗ് കോളജുകളിലേക്ക് ബി.എസ്.സി./ജി.എൻ.എം./എം.എസ്.സി. നേഴ്സിംഗിന് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. നേഴ്സിംഗിന് ഡൊണേഷനോ സർവ്വീസ് ചാർജ്ജോ ഇല്ല.**

1. സേലം – ഷൺമുഖാ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ
2. പൂന – സിംബിയോസിസ് കോളജ്
3. ബാംഗ്ലൂർ – എ. വി.ജി.എസ്. ഗ്ലോബൽ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ (8 സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളുള്ള ഒരു സ്ഥാപനം)
   ബി. ചിന്മയാ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ (പെൺകുട്ടികൾക്കു മാത്രം)
4. കേരളത്തിലെ നേഴ്സിംഗ് കോളജ്

**മേൽപറഞ്ഞ കോളജുകളിൽ കോഴ്സ് പാസ്സായാലുടൻ സ്ഥിരമായി ജോലി ലഭിക്കുന്നതാണ്. കൂടാതെ എം.ബി.ബി.എസ്., ബി.ഡി.എസ്., എഞ്ചിനീയറിംഗ്, ഫാം.ഡി, ബി.എ.എം.എസ്., എം.ബി.എ., എം.സി.എ തുടങ്ങി വിവിധ കോഴ്സുകൾക്കുള്ള അഡ്മിഷനു ബന്ധപ്പെടുക**

**തോമസ് ടി പരുമല (പരുമല സെമിനാരി കൗൺസിൽ മെമ്പർ),**

**ജിൻസി നേഴ്സിംഗ് നെറ്റ്, പരുമലക്കടവ്, മാന്നാർ,**
**ഫോൺ : 9447134451**

***10 Years Service in Educational Consultancy***

## വധുവിനെ ആവശ്യമുണ്ട്

**ഓർത്തഡോക്സ് യുവാവ്, 32 വയസ്സ്, 165 സെ.മീ ഉയരം, ഡൽഹി ലിമിറ്റഡ് കമ്പിനിയിൽ ജോലി, ദൈവഭയമുള്ള സാധാരണ കുടുംബത്തിലുള്ള പെൺകുട്ടികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ : 0468-2249713, 9744596883**


മനഃശാസ്ത്ര പംക്തി

# കൗമാരക്കാരും അച്ഛനമ്മമാരും അറിയാൻ

ഫാ.എ.വി.തോമസ് ചകിരിയിൽ പിറവം, ഫോൺ : 0485-2265237, 9447183445

### ഏറുന്ന കൗമാര ആത്മഹത്യകൾ

കൗമാര ആത്മഹത്യകൾ ഏറി വരുന്നതിനു പിന്നിൽ മനശാസ്ത്രപരമായ പല കാരണങ്ങളുണ്ട്.

1. അതി വൈകാരികത : ആത്മഹത്യയിലേക്ക് തിരിയുന്ന കുട്ടികളുടെ സ്വഭാവ പ്രത്യേകതകൾ ഒരു പ്രധാന കാരണമാണ്. തീവ്രമായ വൈകാരികനിലയുള്ള കുട്ടികളായിരിക്കും ഇവർ. നിരാശകളോട് പൊരുത്തപ്പെടാനുള്ള കഴിവ് കുറവായിരിക്കും.

2. അമിത ലാളനയിൽ വളർന്നവർ : അമിതമായി ലാളിച്ചു വളർത്തപ്പെടുന്ന കുട്ടികൾ പെട്ടന്ന് നിരാശകൾക്ക് അടിമപ്പെടാം. ജീവിതത്തിൽ ആദ്യമായിട്ടായിരിക്കും ഈ കുട്ടികൾക്ക് അച്ഛനമ്മമാരുമായി ഒരു കാര്യത്തിന് എതിർപ്പും അഭിപ്രായവ്യത്യാസവും ഉണ്ടാകുന്നത്. ഇത് ഇവരിൽ ഉണ്ടാക്കുന്ന കുറ്റബോധം വളരെ ഗുരുതരമായിരിക്കും.

3. പ്രണയമുണ്ടാക്കുന്ന അന്ധത : പ്രണയത്തിന്റെ വൈകാരിക തീവ്രത എപ്പോഴും യുക്തിചിന്തയെ പിന്നിലാക്കുന്നു. അതുകൊണ്ടാണ് ഭാവി ജീവിതത്തെക്കുറിച്ച് ആലോചിക്കണമെന്ന് എത്ര ഉപദേശിച്ചാലും ഇത്തരക്കാർ ഉൾക്കൊള്ളാത്തത്. പ്രണയത്തിന്റെ ചേർച്ചയിൽ പ്രകടമായ ന്യൂനതകൾ ഉണ്ടെങ്കിൽപോലും അവർക്ക് മനസ്സിലാകണമെന്നില്ല.

4. ഒരേ ഈഗോ : ഈ വ്യക്തിയുമായി ഒരുമിച്ചില്ലെങ്കിൽ ജീവിതമേ ഇല്ലാ എന്ന ചിന്തയിൽനിന്നാണ് ആത്മഹത്യകൾക്കുള്ള തീരുമാനങ്ങൾ ഉടലെടുക്കുന്നത്. പ്രണയിക്കുന്ന രണ്ടുപേരും ഒന്നിച്ചുള്ള ആത്മഹത്യകളിൽ ഈ തീരുമാനം നടപ്പിലാക്കൽ കൂടുതൽ എളുപ്പമാകുന്നു. കാരണം രണ്ടു വ്യക്തികളുടെയും ഈഗോ ഒന്നായി പ്രവർത്തിക്കുന്നു. ലോകം മുഴുവൻ ഞങ്ങൾക്കെതിരെ എന്ന ചിന്ത ഇവരുടെ മനസ്സിനെ ഒന്നാക്കുന്നു.

5. ഒന്ന് പേടിപ്പിക്കാൻ : സാഹചര്യങ്ങളെ തങ്ങൾക്ക് അനുകൂലമാക്കാൻ ചിലർ ആത്മഹത്യാ മാർഗ്ഗങ്ങൾ അവലംബിക്കുന്നു. മരിക്കാൻ ഇച്ഛിച്ചുകൊണ്ടല്ല ഇത്തരം ശ്രമങ്ങൾ പക്ഷെ യാദൃശ്ചികമായി ഇവ മരണത്തിൽ കലാശിക്കാം. ഞാൻ കൈകാര്യം ചെയ്ത ഒരു കോളജ് വിദ്യാർത്ഥിനിയുടെ വാക്കുകൾ : എന്റെ ലവർ പറഞ്ഞു നീ ഒരു സൂയിസൈഡ് അറ്റംപ്റ്റ് നടത്തിയാൽ അമ്മയുടെ മനസ്സ് മാറി അമ്മ സമ്മതിക്കുമെന്ന്. അതുകൊണ്ട് സൂയിസൈഡ് ചെയ്യുമെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തി. (തുടരും)

# ചന്ദനപ്പള്ളി പെരുന്നാളിന് കൊടിയേറി

ചന്ദനപ്പള്ളി : ആഗോള തീർത്ഥാടന കേന്ദ്രമായ സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളിയിൽ ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാളിന് കൊടിയേറി. കൊടിമരഘോഷയാത്രയിൽ നൂറുകണക്കിന് വിശ്വാസികൾ പങ്കെടുത്തു. എപ്രിൽ 29 ഞായർ രാവിലെ ആരംഭിച്ച വി.കുർബ്ബാനയ്ക്കു ശേഷം വികാരി ഫാ.റോയി എം.ജോയി സ്വർണ്ണക്കൊടിമരത്തിൽ കൊടിയുയർത്തി. കൊടിമരഘോഷയാത്രയ്ക്ക് ഫാ.കെ.ജി.സാമുവൽ, ഫാ.ഇടിക്കുള ഡാനിയേൽ, ഫാ.ജോൺസൺ കല്ലിട്ടതിൽ, ഫാ.ജേക്കബ് ബേബി, സഭാമാനേജിംഗ് കമ്മിറ്റി അംഗം അഡ്വ.അനിൽ പി.വർഗീസ് തുടങ്ങിയവർ നേതൃത്വം നൽകി.

# വാര്യാപുരം പള്ളി കൂദാശ

പത്തനംതിട്ട : വാര്യാപുരം സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ഇടവകയുടെ കൂദാശ മെയ്3,4 തീയതികളിൽ വിവിധ പരിപാടികളോടുകൂടി നടക്കും. കൂദാശാ കർമ്മത്തിന് പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായും ഇടവക മെത്രാപ്പോലീത്താ കുറിയാക്കോസ് മാർ ക്ലിമ്മീസ് മെത്രാപ്പോലീത്തായും നേതൃത്വം നൽകുമെന്ന് ഫാ.ടൈറ്റസ് ജോർജ്, ഫാ.ജോർജ് ഡേവിഡ് എന്നിവർ അറിയിച്ചു.

## വിരമിച്ചു



പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജരായി വിരമിച്ച പ്രക്കാനം സെന്റ് മേരീസ് വലിയപള്ളി ഇടവകട്രസ്റ്റി തോമസ് ജോൺ പ്രക്കാനം.

# റഷ്യൻ ഓർത്തഡോക്സ് സഭാ പ്രതിനിധികൾ സന്ദർശിച്ചു

കൽക്കട്ട : റഷ്യൻ ഓർത്തഡോക്സ് സഭാ പ്രതിനിധി സംഘം കൽക്കട്ടാ സെന്റ് തോമസ് കത്തീഡ്രൽ ദേവാലയം സന്ദർശിച്ച് പ്രാർത്ഥന നടത്തി. ഇടവക വികാരി ഫാ.ജോൺ ജേക്കബ് ഭരണസമിതി അംഗങ്ങൾ, ഇടവകാംഗങ്ങൾ എന്നിവർ ചേർന്ന് സഭാപ്രതിനിധി സംഘത്തിന് ഊഷ്മളമായ വരവേൽപ് നൽകി.

## സഭാമാനേജിംഗ് കമ്മിറ്റി അംഗം



നിരണം ഭദ്രാസനത്തിൽനിന്നുള്ള സഭാമാനേജിംഗ് കമ്മിറ്റി അംഗമായി തെരഞ്ഞെടുക്കപ്പെട്ട ഫാ.നൈനാൻ വർഗീസ് മാവുങ്കൽ. പനയമ്പാല സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് പള്ളി വികാരിയും പാതിക്കാട് സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗവുമാണ് ഫാ.നൈനാൻ വർഗീസ്.


## ശുശ്രൂഷകനെ ആവശ്യമുണ്ട്

വെണ്ണിക്കുളം മുതുപാല സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ ഒരു പൂർണ്ണ സമയ ശുശ്രൂഷകനെ ആവശ്യമുണ്ട്. ബന്ധപ്പെടേണ്ട നമ്പർ : 9447504832, 9446290188.

**Vol. 18 Issue 13**
**May 1-15**

MALANKARA SABHA DEEPAM
P.B. 611, KOTTAYAM - 686001
Phone - 0481-2585499, Fax - 0481-2585499

REG.No.42799/98/H6
REGISTERED No. KL/KTM/ 163/2012-2014
Rs.2
LICENCED TO POST WITHOUT PRE-PAYMENT OF POSTAGE
LIC.NO. KL/CR/KTM/WPP - 30/2012-14

**ചിരിവര ———— ജോയി കുളനട**



## ചെന്നൈയിൽ മാർത്തോമ്മാ പൈതൃക പ്രഭാഷണം

ചെന്നൈ : പാടി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ ഗീവർഗീസ് സഹദായുടെ പെരുന്നാളും മാർത്തോമ്മാ പൈതൃക പ്രഭാഷണവും ഏപ്രിൽ 28, 29 തീയതികളിൽ വിവിധ പരിപാടികളോടെ നടന്നു.

ഗീവർഗീസ് സഹദായുടെ നാമത്തിലുള്ള പാടി സെന്റ് ജോർജ് പള്ളിയിൽ നടന്ന പെരുന്നാളാഘോഷങ്ങൾക്ക് ഫാ.ഡോ.എം.ഒ.ജോൺ പ്രധാന കാർമ്മികത്വം വഹിച്ചു. സന്ധ്യാനമസ്ക്കാരം, പ്രദക്ഷിണം തുടങ്ങി വിവിധ പരിപാടികൾക്ക് വെരി റവ.അലക്സാണ്ടർ കുറ്റിക്കണ്ടത്തിൽ കോർഎപ്പിസ്കോപ്പാ, വെരി.റവ.ജോസഫ് തളിയപ്പറമ്പിൽ കോറെപ്പിസ്കോപ്പാ, ഫാ.സി.എ.ഐസക്, ഫാ.തോമസ് ഐസക്, സി.എം.ഫിലിപ്പോസ്, ഇടവക വികാരി ഫാ.ഏബ്രഹാം ജേക്കബ്, ട്രസ്റ്റി രാജൻ സാമുവൽ, സെക്രട്ടറി റ്റി.കെ.തോമസ് തുടങ്ങിയവർ നേതൃത്വം നൽകി. പെരുന്നാളിനോടനുബന്ധിച്ച് ചെന്നൈ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന മാർത്തോമ്മാ പൈതൃക പ്രഭാഷണ പരമ്പരയുടെ ഭാഗമായി ഫാ.ഏബ്രഹാം ജേക്കബിന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ ഫാ.ഡോ.എം.ഒ.ജോൺ മുഖ്യ പ്രഭാഷണം നടത്തി.

## വി.ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാളും കൺവൻഷനും

കൊല്ലം ; ആഗോള പൗരസ്ത്യ ജോർജ്ജിയൻ തീർത്ഥാടനകേന്ദ്രമായ നല്ലില ബഥേൽ തീർത്ഥാടന പള്ളിയുടെ കാവൽപിതാവായ വി.ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാളും കൺവൻഷനും മെയ് 1 മുതൽ 6 വരെ തീയതികളിൽ വിവിധ പരിപാടികളോടെ ആഘോഷിക്കുന്നു, തീർത്ഥാടന പ്രഖ്യാപന വാർഷിക സമ്മേളനത്തിൽ ഡോ.ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായ്ക്ക് ബഥേൽ ജോർജ്ജിയൻ പുരസ്ക്കാരം സമർപ്പിക്കുന്നു.

ഏപ്രിൽ 29ന് രാവിലെ ഫാ.ഗീവർഗീസിന്റെ കാർമ്മികത്വത്തിലുള്ള വി.കുർബ്ബാനയ്ക്കു ശേഷം വികാരി ഫാ.വി.ജി.കോശിവൈദ്യൻ പെരുന്നാൾകൊടിയേറ്റി. 30ന് സഖറിയാ മാർ അന്തോണിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ കുരിശ്ശടി കൂദാശ ചെയ്തു. മെയ് 1ന് രാവിലെ സഖറിയാ മാർ അന്തോണിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ വി.മൂന്നിന്മേൽ കുർബ്ബാന. ഫാ.ജെയിംസ്, ഫാ.ജേക്കബ് പണിക്കർ എന്നിവർ സഹകാർമ്മികരായിരിക്കും. തുടർന്ന് ഫാവി.ജി.കോശി വൈദ്യൻ രചിച്ച അശ്വാരൂഢൻ മാർ ഗീവർഗീസ് സഹദാ എന്ന പുസ്തകത്തിന്റെ പ്രകാശനം നിർവ്വഹിക്കും. ഇടവകദിനാഘോഷത്തിലും കുടുംബസംഗമത്തിലും ഡോ.എം.എം.ബഷീർ ക്ലാസ്സെടുക്കും. മെയ് 2ന് ഡോ.ജോസഫ് മാർ ദീവസന്നാസിയോസ് തിരുമേനിയുടെ പ്രധാനകാർമ്മികത്വത്തിലും ഫാ.അലക്സാണ്ടർ ഫാ.സജീവ് കെ.വർഗീസ് എന്നിവരുടെ സഹകാർമ്മികത്വത്തിലും വി.മൂന്നിന്മേൽ കുർബ്ബാന. തീർത്ഥാടനകേന്ദ്ര പ്രഖ്യാപന വാർഷിക സമ്മേളനം ഡോ.ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്താ നിർവ്വഹിക്കും. ഡോ.ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിക്കും. എൻ.പീതാംബരക്കുറുപ്പ് എം.പി. ഡോ.ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്തായ്ക്ക് ജോർജ്ജിയൻ അവാർഡ് സമർപ്പിക്കും. സഖറിയാ മാർ അന്തോണിയോസ് തിരുമേനി ഡയറക്ടറി പ്രകാശനം ചെയ്യും.

മെയ് 3ന് രാവിലെ ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്തായുടെ പ്രധാനകാർമ്മികത്വത്തിൽ വി.മൂന്നിന്മേൽ കുർബ്ബാന. ഫാ.ഫിലിപ്പ് മാത്യു, ഫാ.ബിനു ആലഞ്ചേരി എന്നിവർ സഹകാർമ്മികരായിരിക്കും. മെയ് 4ന് വി.മൂന്നിന്മേൽ കുർബ്ബാനയ്ക്ക് ഡോ.ഏബ്രഹാം മാർ എപ്പിഫാനിയോസിന്റെ മുഖ്യകാർമ്മികത്വവും ഫാ.തോമസ് കുട്ടി, ഫാ.റെജി ലൂക്കോസ് എന്നിവരുടെ സഹകാർമ്മികത്വവും വഹിക്കും. തുടർന്ന് പദയാത്രാ സംഗമം, ചെമ്പെടുപ്പ്, റാസ. മെയ് 5ന് വി.അഞ്ചിന്മേൽ കുർബ്ബാനയ്ക്ക് ഡോ.യൂഹാനോൻ മാർ ദീയസ്കോറോസ്, റവ.സി.ജോൺ പണിക്കർ കോർഎപ്പിസ്കോപ്പാ, റവ.ഇ.ജി.തോമസ് കോർഎപ്പിസ്കോപ്പാ, റവ.എം.വൈ.തോമസുകുട്ടി കോർഎപ്പിസ്കോപ്പാ, റവ.രാജൻ ജോൺ കോർഎപ്പിസ്കോപ്പാ എന്നിവർ കാർമ്മികരായിരിക്കും. മെയ് 6ന് സഖറിയാ മാർ അന്തോണിയോസ്, ഡോ.യൂഹാനോൻ മാർ ദീയസ്കോറോസ്, യൂഹാനോൻ മാർ പോളീകാർപ്പോസ് എന്നീ മെത്രാപ്പോലീത്താമാരുടെ നേതൃത്വത്തിൽ യുവജനപ്രസ്ഥാനം റീജിയണൽ കോൺഫറൻസ്. വിവിധ ദിവസങ്ങളിൽ നടക്കുന്ന വചനപ്രഘോഷണത്തിന് ഫാ.ഡോ.ഒ.തോമസ്, ഫാ.ജോജി കെ.ജോയി, ഫാ.ജേക്കബ് ജോൺ കല്ലട തുടങ്ങിയവർ നേതൃത്വം നൽകും.

## വി.യൂദാശ്ലീഹായുടെ പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

**ഷീബാ അലക്സാണ്ടർ പൂനൈ**

## വനിതകൾ ട്രസ്റ്റിമാരായും സെക്രട്ടറിമാരായും കമ്മിറ്റി അംഗങ്ങളായും തെരഞ്ഞെടുക്കപ്പെടുന്നു

കോട്ടയം : ഇടവകപൊതുയോഗങ്ങളിൽ സ്ത്രീകൾക്ക് പ്രാധിനിധ്യം നൽകുന്ന ഭരണഘടനാഭേദഗതികൾ നിലവിൽ വന്നതോടെ മലങ്കരസഭയുടെ വിവിധ പള്ളികളിൽ വനിതകൾ ട്രസ്റ്റിമാരായും സെക്രട്ടറിമാരായും പള്ളികമ്മിറ്റി അംഗങ്ങളായും തെരഞ്ഞെടുക്കപ്പെടുന്നു. തൃശൂർ ഭദ്രാസനത്തിലെ മണ്ണുത്തി സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി ട്രസ്റ്റിയായി ശ്രീമതി മറിയം ദാനിയേൽ തെരഞ്ഞെടുക്കപ്പെട്ടു. ബാഹ്യകേരളത്തിലെ പല പള്ളികളിലും വനിതകൾ സെക്രട്ടറിമാരായും ട്രസ്റ്റിമാരായും തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. തുമ്പമൺ ഭദ്രാസനത്തിലെ ചില ഇടവകകളിൽ സെക്രട്ടറിമാരായും കമ്മിറ്റി അംഗങ്ങളായും സ്ത്രീകൾ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. പൊതുയോഗങ്ങളിൽ സ്ത്രീകളുടെ സജീവസാന്നിധ്യം ഉണ്ടെന്നുള്ളതും അവർ അഭിപ്രായപ്രകടനങ്ങൾ നടത്തുന്നുണ്ടെന്നുള്ളതും വ്യാപകമായി ശ്രദ്ധിക്കപ്പെടുന്നു. വോട്ടെടുപ്പ് നടക്കുന്ന പല പള്ളികളിലും സ്ത്രീകളുടെ വോട്ട് നിർണ്ണായകമാണ്. തന്നെയുമല്ല പുരുഷന്മാരെക്കാൾ കൂടുതൽ പല പള്ളിപൊതുയോഗങ്ങളിലും ഇപ്പോൾ സ്ത്രീകളാണ് പങ്കാളികളാകുന്നത്. അതേസമയം സ്ത്രീകളെ കമ്മിറ്റിയിലെടുത്താൽ പുരുഷന്മാർ കമ്മിറ്റി ബോയിക്കോട്ട് ചെയ്യും എന്ന് അഭിപ്രായപ്പെട്ടിട്ടുള്ള ചില ഇടവകകളുമുണ്ട്. കമ്മിറ്റികളിലും ഭരണസമിതിയിലും ഉള്ള സ്ത്രീപങ്കാളിത്തത്തെക്കുറിച്ച് നല്ല അഭിപ്രായമാണ് പലയിടത്തുനിന്നും കേൾക്കുന്നത്. സ്ത്രീകൾക്ക് ഭദ്രാസനതലത്തിലും സഭാതലത്തിലും ഉള്ള കമ്മിറ്റികളിലും പൊതുയോഗങ്ങളിലും പ്രാതിനിധ്യം നൽകുന്നത് നല്ലതായിരിക്കും എന്ന അഭിപ്രായവും ശക്തമായി ഉയർന്നുവരുന്നുണ്ട്.

## സമ്മർ വെക്കേഷൻ ബൈബിൾ ക്ലാസ്സ്

മാവേലിക്കര : സെന്റ് പോൾസ് മിഷൻ ട്രെയിനിംഗ് സെന്ററിൽ വർഷംതോറും നടത്തിവരാറുള്ള സമ്മർ വെക്കേഷൻ ബൈബിൾ ക്ലാസ്സ് ഏപ്രിൽ 30മുതൽ മെയ് 12 വരെ നടത്തപ്പെടുന്നതാണ്. പത്താംക്ലാസ്സ് മുതൽ മുകളിലേക്ക് പഠിക്കുന്ന ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും അപേക്ഷിക്കാം. പെൺകുട്ടികൾക്ക് സിസ്റ്റർമാരുടെ നേതൃത്വത്തിൽ പ്രത്യേക ഹോസ്റ്റൽ സൗകര്യം ഉണ്ടായിരിക്കും. സഭയിലെ അഭിവന്ദ്യ പിതാക്കന്മാരും പ്രഗത്ഭരായ അദ്ധ്യാപകരും ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 80 പേർക്ക് മാത്രമേ പ്രവേശനം നൽകുകയുള്ളു. രജിസ്ട്രേഷൻ ഫീസ് 500 രൂപ ആയിരിക്കും. വിശദവിവരങ്ങൾക്ക് മാനേജർ, സെന്റ് പോൾസ് മിഷൻ സെന്റർ മാവേലിക്കര - 690 103, ഫോൺ : 0479-2302473

## സഭാതർക്കം പരിഹരിക്കണം : സഭാസമാധാനസമിതി

കോട്ടയം : തൃക്കുന്നത്ത് സെമിനാരി, കോലഞ്ചേരി, പിറവം തുടങ്ങിയ 35-ൽപരം പള്ളികളിൽ മാത്രം ഇന്നും നിലനിൽക്കുന്ന വ്യവഹാരങ്ങളും തർക്കങ്ങളും സഭാംഗങ്ങളെ തെരുവിലേക്കും കക്ഷിരാഷ്ട്രീയത്തിന്റെ നീർച്ചുഴിയിലേക്കും വലിച്ചിഴയ്ക്കാതെ ക്രിസ്തീയതയ്ക്കു നിരക്കുന്ന രീതിയിൽ അനുരഞ്ജനത്തിന്റെ മാർഗ്ഗത്തിൽ പരിഹരിക്കാൻ സഭാനേതൃത്വം തയ്യാറാകണമെന്ന് മലങ്കരസഭാ സമാധാന സമിതി സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു.

പ്രകോപനപരമായ പ്രസ്താവനകൾ നടത്താതെ ഇരുവിഭാഗവും സംയമനം പാലിക്കണം. മലങ്കരസഭയുടെ ആഭ്യന്തരപ്രശ്നങ്ങളിലേക്ക് മതനിരപേക്ഷ സർക്കാരിനെ വലിച്ചിഴയ്ക്കാനുള്ള ശ്രമം അപലപനീയമാണ്. സഭാസമാധാനം ലക്ഷ്യമാക്കി മധ്യസ്ഥശ്രമങ്ങൾ നടത്തുന്നതിനും ശക്തമായ പൊതുജനാഭിപ്രായം രൂപീകരിക്കുന്നതിനും യോഗം തീരുമാനിച്ചു. ബേബി ജോസഫ് കോർഎപ്പിസ്കോപ്പാ പോത്താറ, ഫാ.ജോസഫ് മുള്ളങ്കുഴി, മാമ്മൻ വർഗീസ് കണ്ടത്തിൽ, എം.എം.അലക്സാണ്ടർ ആറ്റുകുഴി, ഏലിയാസ് കണ്ണന്താനം, അജീഷ് കുര്യൻ, സാബു പെലക്കാട്ട്, പ്രൊഫ.ബാബു ജോസഫ്, തോമസ് മാത്യു കാരിക്കൊട്ടിൽ, ചാണ്ടി ഏബ്രഹാം എന്നിവർ പ്രസംഗിച്ചു.

Printed, Published and owned by Fr. Dr. M.O. John . Printed at Udaya Offset Printers, Chungam, Kottayam - 686 001 and Published at Kottayam. Editor: Kunjumon T. Omallor